# അമൃതധാര

## (ഖണ്ഡകൃതികൾ—ഏഴാം ഭാഗം)

മഹാകവി, റാവുസാഹിബ്,

## ഉള്ളൂർ എസ്. പരമേശ്വരയ്യർ

പ്രകാശകർ,

ആർ. ററി. പിള്ള ആൻഡ് സൺസ്,

ചാല—തിരുവനന്തപുരം.

1118

പകർപ്പവകാശം ഗ്രന്ഥകാരന്.

Digitized By Kerala Sahitya Akademi

രണ്ടാം പതിപ്പ് കാപ്പി 500.

Digitized By Kerala Sahitya Akademi

# വിഷയസൂചി


| | | പുറം |
|---|---|---|
| 1. | കേരളഗാനം | 1 |
| 2. | രണ്ടപ്പം | 7 |
| 3. | പ്രബോധനം | 12 |
| 4. | പ്രേമസായുജ്യം | 18 |
| 5. | നർമ്മസല്ലാപം | 22 |
| 6. | വിദുരഭിക്ഷ | 25 |
| 7. | ചപ്പും ചിപ്പും | 49 |
| 8. | വിനയം | 51 |
| 9. | അമ്മയും മകനും | 55 |
| 10. | കള്ളന്റെ പുനർജ്ജന്മം | 60 |
| 11. | ന [illegible]വും ജീവിതവും | 71 |
| 12. | പനിനീർപ്പൂവ് | 75 |
| 13. | ഫലിക്കാത്ത പ്രാർത്ഥന | 80 |
| 14. | ഫലിച്ച പ്രാർത്ഥന | 85 |
| 15. | ശുഭപ്രതീക്ഷ | 88 |
| 16. | ചേരനും കീരനും | 92 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# കേരളഗാനം.

കേരളമെന്നുള്ള പേരാൽ കേവലമിജ്ജഗത്തെങ്ങും
കേളികേട്ടു വിളങ്ങുന്ന ദേശമെൻദേശം.

അച്യുതൻ തന്നംശമെന്നു വിശ്രുതനാം ഭാർഗ്ഗവന്നു
പശ്ചിമാബ്ധി കാഴ്ചവെച്ച ദേശമെൻദേശം.

അർണ്ണവത്തെയാചമിച്ച പുണ്യശാലി തപംചെയ്യും
പർണ്ണശാല പുലരുന്ന ദേശമെൻദേശം.

ശാപക്രൂപപതിതനാം ശക്രന്ദനയുമുദ്ധരിച്ചു
ശോദനല്കിസ്സുഖിപ്പിച്ച ദേശമെൻദേശം.

ഭൂധരേന്ദ്രശിഖരത്തിൽക്കേതുദണ്ഡം പ്രതിഷ്ഠിച്ചോ
രരുടെ ദേശമെൻദേശം.

തിങ്കൾചൂഡസമനാകും ബ്രഹ്മസൂത്രഭാഷ്യകാരൻ
ശങ്കരാചാര്യർ ജനിച്ച ദേശമെൻദേശം.

വിഷ്ണുഭക്തശിഖാമണി ദക്ഷിണദിഗ്ജയദേവൻ
കൃഷ്ണലീലാശുകൻ വാണ ദേശമെൻദേശം.

ശിഷ്ടജനസമാരാധ്യൻ ശേഷകല്പൻ മഹാകവി
ഭട്ടപാദൻ നിവസിച്ച ദേശമെൻദേശം.

Digitized By Kerala Sahitya Akademi

## കേരളഗാനം

ചാരുകാവ്യരത്നങ്ങൾതൻ വാരിരാശിയെഴുത്തച്ഛൻ
    ശാരദയെസ്സേവചെയ്ത ദേശമെൻദേശം.

വിക്രമംകൊണ്ടൂഴിവെന്ന വീരരവിവർമ്മദേവൻ
    ചക്രവർത്തിപദമാർന്ന ദേശമെൻദേശം.

പലവാറും ശൈലാബ്ധീശർ വിലവായ്ക്കും മാമാങ്കത്തിൽ
    നിലപാടുനിന്നുപോന്ന ദേശമെൻദേശം.

കുററമററ പയററിനാൽക്കഞ്ഞുതേനക്കുറുപ്പെങ്ങും
    വെററിപാററി വിലസിന ദേശമെൻദേശം.

നൃത്യവിദ്യാകുശലർതൻ നിത്യവാസഗ്രാമമെന്നു
    പ്രഥിതിയെങ്ങും പുകൾപെററ ദേശമെൻദേശം.

രോമകരും യവനരും ചീനരുമായ് വണിഗ്വൃത്തി
    സീമവിട്ടു നടത്തിന ദേശമെൻദേശം.

ക്രൈസ്തവർക്കും യഹൂദർക്കും മഹമ്മദമതക്കാർക്കും
    വസ്തുദാനം വഴങ്ങിന ദേശമെൻദേശം.

ശീമയിൽനിന്നാദ്യമായിബ്ഭൂമിചുററി വന്ന കപ്പൽ
    ഗാമ കരയ്ക്കടുപ്പിച്ച ദേശമെൻദേശം.

സിന്ധുവഴി മദംപൂണ്ടു പൊന്തിവന്ന പോർത്തുടന്ന്
    ലന്തകളെയമർത്തിയ ദേശമെൻദേശം.

സ്വാപദാനശതങ്ങൾതൻ ശോഭനമാം പ്രഭമൂലം
    ലോഭനീയപ്രഭാവമാം ദേശമെൻദേശം.



Digitized By Kerala Sahitya Akademi

## II

കേരളമെൻ ജന്മദേശം, കേട്ടകൾക്കു ദൃഷ്ടവേശം ;
    ഗീരെവക്കുണ്ടിതു വാഴ്ത്താൻ വേറെയേകദേശം ?

വേരിയെതിർവാരി ചേരും ചാരുഫലം ഭൂരി പേറി
    നാരികേളതരുനിര നില്ക്കുകകൊണ്ടും ;

നല്ലമുളകേലമിഞ്ചി നാഗവല്ലി തുടങ്ങിയ
    നല്ല നല്ല വിഭവങ്ങൾ വായ്ക്കുകകൊണ്ടും ;

നാകലോകദ്രുമങ്ങൾതൻ സ്വാഗതത്തെക്കൊതിക്കുന്ന
    പൂഗപൂഗമിളങ്കാററിലാട്ടകകൊണ്ടും ;

സ്ഥൂലനീലശിലകൾതൻ കോലമാന്ന വനങ്ങളിൽ
    കേളിലോലർ ഗജവരർ മേളിക്കകൊണ്ടും ;

ഭാനുവിന്റെ കരസ്പർശം പററിടാത്ത മരത്തോപ്പിൽ-
    [illegible]കനിയെങ്ങും തിങ്ങുകകൊണ്ടും

ചന്ദനത്തിൻ പരിമളം നാലുപാടും വീശിവീശി
    മന്ദവായു മനോജ്ഞമായ് ലാത്തുകകൊണ്ടും ;

വിണ്ടലത്തിലിരുണ്ടുള്ള കൊണ്ടലുകളണിനിന്നു
    രണ്ടുകാലം കുളിർമാരി പെയ്യുകകൊണ്ടും ;

പാരതന്ത്ര്യബാധവിട്ടു പാല്മൊഴിമാർ സുഖമാന്നു
    പൂരുഷർക്കു സമം ജന്മം നയിക്കകൊണ്ടും ;



Digitized By Kerala Sahitya Akademi

മോടിയോടേ പുഴയിലും കായലിലും സരസന്മാ-
    രോടികളിലാർത്തു പാടിപ്പോകുകകൊണ്ടും ;
ഓണമഹോത്സവനാളിൽക്കോടിവസ്ത്രമുടുത്താരും
    പ്രാണനാഥമാരോടൊത്തു കൂടുകകൊണ്ടും ;
കങ്കണങ്ങൾ കിലുങ്ങവേ, കൊങ്കരണ്ടും കുലുങ്ങവേ,
    പെൺകൊടിമാർ കരംകൊട്ടിക്കളിക്കകൊണ്ടും ;
ദേഹശൌചം നിമിത്തമായ് ത്താണവരുമുയർന്നോരു-
    മേകവംശജാതരെന്നു തോന്നിക്കകൊണ്ടും ;
ഒട്ടനേകം ക്ഷേത്രങ്ങളും പള്ളികളും തമ്മിൽത്തമ്മിൽ-
    ത്തൊട്ടു തൊട്ടു കെട്ടുപെട്ടു കിടക്കകൊണ്ടും ;
പാടകന്നു കുടിലിലും പാഞ്ഞണഞ്ഞു സരസ്വതി
    പാടിയാടി പ്രഹൃഷ്ടയായ് പ്പാർക്കുകകൊണ്ടും ;
കേരളമെൻജന്മദേശം ഖേചരർക്കും രമ്യദേശം—
    പാരിലെങ്ങുണ്ടീദൃശമൊരാശാവകാശം ? (68)

## III

കേരളമേ ! കേരളമേ ! കേരസസ്യകേദാരമേ !
    പാരിതിനെന്നമ്മയല്ലീ ഹാരമതല്ലി ?
ശ്രേണിയലും ജഗതിക്കു റാണിയായ നിൻ പദത്തിൽ-
    പ്പാണികൂപ്പിപ്പതിക്കുന്നു ഭക്തർ നിൻ പുത്രർ ;—
നിന്നുടയ പേരുകേൾക്കിൽ മേനി കോരിത്തരിക്കുവോർ ;
    നിന്നെയൊന്നു നിനയ്ക്കുകിൽ നിർവൃതികൊൾവോർ.



Digitized By Kerala Sahitya Akademi

എൻ ജനനി! നിൻ പെരുമയെന്നുമുയരട്ടെ ;
നിൻ ജയപ്പൊൻകൊടിക്കൂറ പാറട്ടെ വാനിൽ.

നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു ; നിന്നിൽ ഞങ്ങൾ പുലരുന്നു;
നിൻ നിയോജ്യർ നിഖിലരും നിന്നുടെ വത്സർ.

ദേവി, നിന്റെ കണ്ണിൽനിന്നു വീണിടൊല്ലൊരശ്രുബിന്ദു ;
നീ വിടൊല്ല വെളിക്കൊരു നിശ്വാസധൂമം.

ഞങ്ങളുടെ ശരീരം നീ ; ഞങ്ങളുടെ മനസ്സു നീ ;
ഞങ്ങളുടെ ചൈതന്യം നീ ; സർവ്വസ്വവും നീ.

ജാതിയൊന്നു, മതമൊന്നു, വർണ്ണമൊന്നു നിൻവയററിൽ
ജാതരായ ഞങ്ങൾക്കെല്ലാം—കേരളീയത്വം.

ഉള്ളിലുള്ളോരഴുക്കുകൾ തേച്ചുമാച്ചു കഴുകുവാൻ
വെള്ളമില്ലേ വേണ്ടുവോളം നിന്നുടെ മെയ്യിൽ?

നീതിയുണ്ടും നിബദ്ധമാം ഭൃതിയാണ്ടും നിരന്തരം
ഖ്യാതി വേണ്ടുന്നതു നേടി പണ്ടു നിൻമക്കൾ.

തുംഗലക്ഷ്യരവരുടെ മംഗലമാം ജീവരക്തം
ഞങ്ങളുടെ സിരയിലുമല്പമുണ്ടമ്മേ.

പാതിരാവിലും പ്രഭാപൂരം പാവനരാമവരുടെ
പാദമുദ്ര പതിഞ്ഞോരു പാതയിൽക്കാണാം.

തോളോടു തോളുരുമ്മിയും കൈകളോടു കൈകൾ കോർത്തും
നാളിൽ നാളിലാവഴിയിൽ മേളിക്കും ഞങ്ങൾ.



Digitized By Kerala Sahitya Akademi

ഞങ്ങളുടെ നിത്യകർമ്മം നിൻ ചരണപരിചര്യ ;
   ഞങ്ങളുടെ ഭാഗ്യലാഭം നിൻ പരിതോഷം.
ഭാവിയെക്കൊണ്ടനവധി പാരിജാതമലർമാല
   ദേവി, നിന്റെ തൃക്കഴുത്തിൽ ചാർത്തിക്കും ഞങ്ങൾ ;
ഏണശാബമിഴിമാർ വാനിൽ നിന്റെ പുകൾപാടാൻ
   വീണമീട്ടൽ പഠിപ്പിക്കും വീരമാതാവേ !          (100)

Digitized By Kerala Sahitya Akademi

## രണ്ടപ്പം.

1. അമ്മ രണ്ടപ്പം കൊടുത്തു—കയ്യി-
ലമ്മണിക്കുട്ടനു തിന്മാൻ.
ചെങ്കതിരോൻ മറയാറായ്—വാനിൻ
കുങ്കുമപ്പൊട്ടഴിയാറായ്.
ഒന്നവൻ തിന്നു; കളിക്കാൻ—വേറി-
ട്ടൊന്നുമായ് ച്ചെന്നു നിരത്തിൽ. (6)

2. കേറിത്തുളച്ചുടൻ പാഞ്ഞു—കാതിൽ-
ക്കൂരമ്പുപോലൊരു ശബ്ദം.
"കണ്ണും കരങ്ങളുമുള്ളോരേ!—അയ്യോ!
പുണ്യംപുലന്ന മാളോരേ!
പൊന്നെജമാന്മാരേ, കാണ്മിൻ—കനി-
ഞ്ഞെന്നെ, പ്പിറവികുരുടൻ.
പട്ടിണികൊണ്ടു പൊരിഞ്ഞേ—പിച്ച-
ച്ചട്ടിയിലൊന്നുമില്ലേ!
വല്ലതുമിട്ടേച്ചു പോണേ!—തുള്ളി-
ക്കല്ലരിക്കഞ്ഞിനീർ മോന്താൻ." (16)

3. അയ്യംവിളിയതു കേട്ടു—പൈതൽ
നെയ്യപ്പം ചട്ടിയിലിട്ടു.
തപ്പിയെടുത്തതു തിന്നു—പാവ-
മപ്പൊഴേ കുഞ്ഞിനെ വാഴ്ത്തി,



Digitized By Kerala Sahitya Akademi

"തമ്പുരാനേ, തരും ദൈവം—ക്രലി-
യൻപിലിതി"നെന്ന ചൊല്ലി. (22)

4. മാറത്തടിച്ചു കരവൃ—ദ്ധരെ
വേറിട്ടൊരരന്ധനമപ്പോഠം.
ഓടിയൊരോട്ടമായ് പ്പാഞ്ഞു—കുട്ടൻ
വീടണഞ്ഞമ്മയെത്തേടി.
വേരിയെതിർമൊഴിയാഠംതൻ—പട്ടു-
സാരിപ്പൊൻതുമ്പത്തു തൂങ്ങി,
"അമ്മേ, യൊരപ്പ-മൊരപ്പം-കൂടി-
ച്ചെമ്മേ തരൂ" എന്നിരന്നു. (30)

5. "പോരയോ രണ്ടെണ്ണമുണ്ണി ? —തീനി
തേറുകിൽ മാന്ത്രമുണ്ടാകും."
"ഒന്നുകളഞ്ഞു നടാടേ ;— ബാക്കി-
യൊന്നേ ഞാൻ തിന്നുള്ളൂ തായേ ?"
"ഒന്നു നീ തിന്നതു കണ്ടു—ഞാ[illegible]; [illegible]-
റെറാന്നുകൊണ്ടെന്തോന്നു ചെയ്തു ?" ([illegible]

6. എന്നതിന്നുത്തരമോതി—വത്സൻ :
തിന്നതല്ലെന്നമ്മ കണ്ടു.
ആയതങ്ങെങ്ങോ തുലഞ്ഞു—വീണു
വായവഴിക്കെൻ വയററിൽ.
പട്ടിണികൊണ്ടു വലഞ്ഞു—പള്ള
ചുട്ട കുരുടനൊരുത്തൻ

Digitized By Kerala Sahitya Akademi

വാവിട്ടു കേണു ; ഞാൻ മററെ—യപ്പം
പാവമവനു കൊടുത്തു.
ഞാൻ തിന്നൊരപ്പമതത്രേ !—തായേ,
മാന്തമതിലുമുണ്ടാമോ ? (46)

7. "ജീവനവനു കൊടുക്കേ—യൊരു
ദേവനെന്നെന്നെ ഞാനോത്തു.
ചേലതെന്നോതിയപോലെ—തോന്നി
മൂളക്കമൊന്നു മരങ്ങൾ.
മാടിവിളിച്ചതുപോലെ—തോന്നി
വാടിയിലാടും ചെടികൾ.
പുഞ്ചിരിക്കൊണ്ടതുപോലെ—തോന്നി
നെഞ്ചലിവേറിന പൂക്കൾ.
ഉള്ളം കുളിപ്പിച്ചപോലെ—തോന്നി
മെല്ലെയണഞ്ഞ തൈത്തെന്നൽ.
ആനന്ദക്കണ്ണുനീർ വീണു—മേന്മേൽ
ഞാനറിയാതെയെൻമാറിൽ.
തിന്നതുപോലെ ഞാൻ തീൻ—തായേ,
വിണ്ണവക്കുള്ള തീൻപണ്ടം.
എന്നെ വിളിച്ചു കരവൂ—വീണ്ടും
കണ്ണററ മറെറാരു പാവം.
പ്രാണനെക്കാക്കുവാൻ നോക്കാ—മപ്പം
ഞാനൊന്നവനുമിന്നേകി.



Digitized By Kerala Sahitya Akademi

വീണ്ടുമിനിക്കട്ടെയെൻനാ—വെണ്ണ
    വേണ്ടുവത്തുണ്ടതിന്മീതേ ? (66)

8. "പാൽച്ചോറെനിക്കുണ്ടു നല്കാ—നമ്മ
    വാച്ചോരു കൂറൊട്ടു രാവിൽ.
വറെറാന്നവർക്കേത്തു നക്കാൻ ?—താങ്ങാ-
    യുററവരാരുണ്ടു നില്ക്കാൻ ?
ഇല്ലേ കിടാങ്ങളവക്കും—പിഞ്ചു-
    പള്ളയിൽത്തീയെങ്ങും കത്തി ?
അപ്പിയെനിക്കെന്തിനമ്മേ,—അവർ
    പട്ടിണികൊണ്ടു പിടയ്ക്കേ ?" (74)

9. കോൾമയിർക്കൊണ്ടുപോയ് പൂമെ—യ്യമ്മ-
    യ്ക്കോമനതന്മൊഴി കേൾക്കെ.
വണ്ടണിവേണിയാൾ വാക്കൊ—ന്നുടൻ
    തൊണ്ടയിടറിക്കൊണ്ടോതി.
"എൻമകനെ, നീ ജയിച്ചു ;—നിൻെറ
    ജന്മം കൃതാത്ഥമായ്ത്തീൻ.
ഒന്നിനു മൂന്നു ഞാൻ നല്കാ—മപ്പ-
    മെന്നുണ്ണിക്കിങ്ങനെ തിന്മാൻ.
ചിക്കെന്നെൻ കണ്മണി, വാങ്ങി—യവ-
    യക്കുരുടക്കു കൊടുക്കു.
ഉമ്മയൊരോന്നു വിലയാ—ണതീ-
    യമ്മയ്ക്കു മുൻകൂട്ടി നല്കു." (86)



Digitized By Kerala Sahitya Akademi

10. ഈവണ്ണമോതി മകനെ—യവർ
    മൂവുരു മേന്മേൽ മുകന്നു.
മൂന്നപ്പം കൈയിൽ കൊടുത്തു—ദൈവം
    മൂന്നു പുമർത്ഥവും പോലെ.
ആയതവർക്കവൻ നല്കി—ത്തന്റെ
    വായും വയറും നിറച്ചു.
സ്വർഗ്ഗമാകുന്നില്ലേ ചൊല്വിൻ—ക്ഷോണി-
    യിക്കണക്കുള്ള കിടാങ്ങൾ ? (94)



Digitized By Kerala Sahitya Akademi

# പ്രബോധനം.

അവിരതം സുഖ, മവികലം ശുഭ-
മെവിടെയുണ്ടതീയുലകിൽ മാനുഷ ?
ചിലേടം പൊങ്ങുന്നു, ചിലേടം താഴുന്നു,
മലയുമാഴിയുമിയലുമീ മന്നിൽ.
പകലുമാവശ്യമിരവുമാവശ്യ-
മഹസ്സിൻ ജീവിതമഖണ്ഡമാകുവാൻ.
നിഴലുമേല്ക്കണം, വെയിലുമേല്ക്കണം
വഴിയിൽ മുന്നോട്ടു നടന്നുപോകുവാൻ.
ജലസമം സൃഷ്ടിക്കുതകിടും ഭൂതം
ജ്വലനനും ;—ഒന്നു തണുത്ത, തൊന്നുഷ്ണം.
അചലമാം മൃത്തും ചലമാം വായുവു-
മജന്നു തൻപണിക്കവശ്യമമ്മട്ടിൽ.
അഴകിപ്പോയതായ് നമുക്കു തോന്നുന്ന-
തഴകിൽ മറ്റൊന്നിന്നമൃതമാകുന്നു ;
അതിനെയും നമ്മെപ്പടച്ച കയ്യാൽത്താൻ
വിധി ചമച്ചതെന്നറിയണം നമ്മൾ.
തുടിപ്പിലെന്തുള്ളു കൊതിച്ചുകൊള്ളുവാൻ ?
ചടപ്പിലെന്തുള്ളു വെറുത്തുതള്ളുവാൻ ?
മധുരഗാത്രിമാർക്കഴകല്ലീ തുല്യം
പൃഥുനിതംബവും പ്രതനുമധ്യവും ?



Digitized By Kerala Sahitya Akademi

## II

നമുക്കു കണ്ടിടാം ജയത്തിൽപ്പോലവേ
സമഗ്രമാം മെച്ചം പരാജയത്തിലും.
പകയ്ക്കുന്നതെന്തിന്നു ? പതിപ്പതു ധാത്രീ-
ഭഗവതിയുടെ മടിയിലല്ലയോ ?
അവിടുന്നാശ്വാസമരുളുപ്പുറം ;
നിവിൻയൻ നാം നലകൊള്ളും വീണ്ടും.
ഒരുമലർമാതുണ്ടുലകി,ലദ്ദേവി-
ക്കൊരിടത്തെപ്പൊഴുമിരുന്നാൽപ്പോരുമോ ?
ഭവനംതോറുമാ പ്രമദ പോകട്ടെ
നവനവാപാങ്ഗചലനലോലയായ്.
ഒരുദിനം നമുക്കരികിലുമവൾ
വരും ; വരം തരുമുണർന്നിരിക്കുകിൽ.
അമൃതിലോഹരി നമുക്കമു,ണ്ടതിൻ
ക്രമത്തിലായത്തു വിളമ്പും മോഹിനി.
ഒടുവിലാകിലെന്തതു ? തൽപാത്രത്തി-
ന്നടിയിൽ വായ്ക്കുവതുറഞ്ഞ സത്തല്ലീ ?
ദിതിജരായിടാതിരിക്കുകിൽ നമ്മെ-
ത്രിദശപങ്ക്തിയിലിരുത്തിടും കാലം.
അതുവരെ നമുക്കഴലിലാഴാതെ
മധുരമാമാശാഫലം ഭുജിച്ചിടാം. (40)



Digitized By Kerala Sahitya Akademi

## III

ഗണിച്ചിടേണ്ട നാമഥവാ മററൊന്നും ;
    മനസ്സല്ലീ സാക്ഷാന്മനുഷ്യസാമ്രാജ്യം ?

അതു നമുക്കു നാമധീനമാകിയാ-
    ലതിന്നു മേലെന്തുണ്ടധീശ്വരപദം ?

വ്യഥയാമീയത്തെസ്സുഖമാം പൊന്നാക്കാൻ
    വിദഗ്ദ്ധൻതാൻ മർത്ത്യ,നവൻ രസസിദ്ധൻ.

വിഷത്തെയും നല്ല മരുന്നാക്കാമെന്നു
    ഭിഷക്പ്രവരന്മാർ തെളിച്ചുകാട്ടുന്നു.

ധനത്തിൻ നേട്ടത്താൽ വരാത്തതാം സുഖം
    ധനത്തിൻ ത്യാഗത്താൽ ചിലക്കു കിട്ടുന്നു ;

എഴുനിലമേട തരാത്തൊരാനന്ദ-
    മെളിയ പുല്ക്കുടിൽ ചിലക്കു നല്കുന്നു ;

തനിശ്ശൃങ്ഗാരത്തിൽ ചെടിപ്പു തോന്നിടും
    മനം കരുണത്തിൽപ്പുളകം കൊള്ളുന്നു.

ഇതിന്റെയൊക്കെയും രഹസ്യമോക്കുകിൽ
    മതി ; നരൻ സുഖി,കുശലി,യപ്പുറം.

ക്ഷണനേരത്തേയ്ക്കു കുപിതനായ്ത്തോന്നാ-
    മനുഗ്രഹിപ്പതിന്നണയുമീശ്വരൻ ;

ചെറിയ നുള്ളൊന്നു തരാം ദയാബ്ധി, തൻ-
    തിരുവടിയെയൊന്നുയർന്നു നാം നോക്കാൻ.



Digitized By Kerala Sahitya Akademi

അലറുന്നു മുഖം കറുപ്പിച്ചുംകൊണ്ടു
 മഴപൊഴിക്കുവാനുഴറിട്ടും മേഘം ;
ശുഭമാശ്ലബദ്ധമോ കൃഷീവലന്മാക്കു
 വിപഞ്ചിയിൽനിന്നു പൊഴിയും കാകളി. (64)

## IV

ജനനം—എന്തോന്നുണ്ടതിങ്കൽ മോദിപ്പാൻ ?
 മരണം— എന്തോന്നുണ്ടതിങ്കൽ ഖേദിപ്പാൻ ?
ഇവിടത്തെജ്ജനിക്കിതരലോകത്തി-
 ലെവിടെയോ പെട്ടും മൃതിയല്ലീ ബീജം ?
ഒരിടം മുങ്ങലുമൊരിടം പൊങ്ങലും—
 ഒരു നീർമുക്കിളിക്കളിയിതോക്കുകിൽ.
പ്രപഞ്ചജീവിതതടിനിക്കീററില്ലം
 പ്രഭവമ,ല്ലന്തം ശ്മശാനവുമല്ല.
ഇരുകതകെഴും മുറിയൊന്നീയൂഴി,-
 യൊരുവശം ജനി, മറുവശം മൃതി.
തുറന്നതിലൊന്നുമടച്ചുമറെറാന്നു-
 മിരുന്നിടുന്നീല വിധി സമദശി.
എവിടെയോനിന്നു പറന്നുവന്ന നാ-
 മെവിടെയോ നോക്കിപ്പറക്കും പക്ഷികൾ.
വിശാലമായിട്ടും വിഹായസത്തിൻെറ
 വിഭാഗമാമിരുവശവും വിട്ടു നാം



Digitized By Kerala Sahitya Akademi

നെടുനാളിക്കൂട്ടിലടിയുവാനെങ്കി-
ലുടയവനെന്തിന്നരുളി പക്ഷങ്ങൾ ?
പെരുമഴയിലും കൊടുവെയിലിലു-
മൊരേ കുടതന്നേ തുണ—ശമം—ശമം. (84)

V

അവിരതം സുഖ, മവികലം ശുഭ-
മിവയെനല്കുംപോൾ ചില ജഗത്തുകൾ !
എനിക്കു മോഹമില്ലശേഷമെങ്ങും വെൺ-
മണൽ പരക്കുമമ്മരുക്കളിൽപ്പാർക്കാൻ.
തിരകളററൊരക്കടലുകളിലെൻ
തരി നയിപ്പതിൽത്തരിമ്പുണ്ടോ രസം ?
അവനി, പെററമ്മേ, ഭവദ്ഗതസങ്ഗംതാൻ
നവനവക്രീഡയ്ക്കുചിതമാം രങ്ഗം.
ഭവതിതൻ മേന്മ മുഴവൻ വായ്പതു
വിവിധതയിലും വികലതയിലും.
തലയിൽ സർവ്വജ്ഞനണിവതു തിങ്കൾ-
ക്കലയെത്താൻ, മുഴുമതിയെയല്ലല്ലോ.
പ്രതിക്ഷണം മോദമരുളുന്ന സുഖ-
പ്രതീക്ഷയാം സുധ പകൻു നല്കി നീ.
പ്രവൃത്തിക്കെന്നെ നീയൊരുക്കുന്നു പേർത്തും
പ്രവൃദ്ധമായിടും പ്രചോദനത്തിനാൽ



Digitized By Kerala Sahitya Akademi

തൊഴിലാളിക്കുള്ളോരുലകു നീ മാത്രം ;
മുതലാളിക്കുള്ളോരുലകു മററെല്ലാം.
അശിപ്പതൊന്നല്ലെൻ പിറവിതൻ ലക്ഷ്യം ;
നശിപ്പതില്ല ഞാനൊരിക്കലുമെങ്ങും.
ഇരുകൈകൊണ്ടുമെൻ ജനനി, നിൻ പരി-
ചരണം ചെയ്യുവാൻ തരം വന്നാൽപ്പോരും—
അവിതഥമെനിക്കതൊന്നിനാൽ നേടാ-
മവിരതം സുഖ,മവികലം ശുഭം. (108)



Digitized By Kerala Sahitya Akademi

# പ്രേമസായൂജ്യം.

ഉന്മരപ്പൂങ്കാവിലുല്ലസിച്ചീടുന്ന
നന്മലരൊന്നിന്നുമോമലാളേ,
എന്നകതാരിലേ മാലെന്തെന്നാരാഞ്ഞാ-
നിന്നില്ല കെല്പു ; ഞാനെന്തു ചെയ്യും ?
പേർത്തുമെൻ കണ്ണിൽനിന്നെപ്പോഴും വീഴുന്ന
നീർത്തുള്ളി പിച്ചകമാകുമെങ്കിൽ
തങ്കമേ, ഞാനൊരു മാലയായ് ക്കോർത്തു
നിങ്കരിക്കുന്തലിൽച്ചാർത്തിയേനേ. (1)

മാകന്ദക്കൊമ്പിന്മേൽ മത്താടിപ്പാടുന്ന
കോകിലമൊന്നിന്നുമെന്മനസ്സിൽ
ആതങ്കം വായ്ക്കുവതെന്തെന്നു ചിന്തിപ്പാൻ
വൈദഗ്ദ്ധ്യമില്ല ; ഞാൻ നിസ്സഹായൻ.
എൻ നെടുവീർപ്പിന്നു തെല്ലതിൻ ഗാനമായ്
സുന്ദരിമാർമണി, തീരാമെങ്കിൽ
ആയതു നിന്നുടെ കർണ്ണത്തിൽ സ്വാദുവാം
പീയൂഷം മേൽക്കുമേൽത്തൂകിയേനേ. (2)

ദൂരത്തു വാനത്തു മിന്നിത്തിളങ്ങുന്ന
താരകയൊന്നിന്നുമല്പംപോലും



Digitized By Kerala Sahitya Akademi

ആമയമെന്നുള്ളിലെന്തെന്നു കാണുവാൻ
   സാമർത്ഥ്യമില്ല ; ഞാൻ ഭാഗ്യഹീനൻ.
എന്നുള്ളിൽക്കത്തുന്നോരത്തലാം തീക്കൊരു
   പൊന്നൊളിനക്ഷത്രമാകാമെങ്കിൽ
ആയതു കല്യാണി, നിൻമുന്നിലെൻ നില
   മായമററൊട്ടൊട്ടു കാട്ടിയേനേ. (3)

അല്ലെങ്കിൽത്തെററിപ്പോയ് ചൊന്നതു പക്ഷേ ഞാ-
   നല്ലലിതാരെത്താൻ പീഡിപ്പീല!
എന്നഴൽ കണ്ടേററം ഖിന്നത കൈക്കൊണ്ടു
   കണ്ണുനീർ തൂകുന്നു പൂക്കളെങ്ങും;
നീ കനിയേണമെന്നർത്ഥിച്ചു തേന്മൊഴി,
   കാകളി മൂളുന്നു കോകിലങ്ങൾ ;
നിന്നുടെ നിർദ്ദയവ്യാപാരമീക്ഷിച്ചു
   വിണ്ണിൽ നടുങ്ങുന്നു താരകകൾ. (4)

നിന്മലർമേനി ഞാൻ കേശാദിപാദാന്തം
   കണ്മണി, വാഴ്ത്തിനേൻ കാവ്യത്തിങ്കൽ.
ഉണ്ടെന്നുമില്ലെന്നും ചൊന്നേൻ നിന്മദ്ധ്യത്തെ-
   ക്കണ്ടേക്കാമെന്നോർത്തു കാണാഞ്ഞാലും ;
ഏതെന്നൊന്നില്ലെന്നു നിശ്ചയം വായ്ക്കയാൽ
   സത്യം ഞാനായതു വർണ്ണിച്ചീല.
ഉണ്ടെങ്കിൽ നീയെന്നെ നീതന്നെ വീഴ്ത്തിന
   കുണ്ടിൽ നിന്നെന്നെന്നേ കേററിയേനേ. (5)



Digitized By Kerala Sahitya Akademi

പിന്നെയും തെററിപ്പോയ്; നീയൊരു ഹൃത്തുള്ളോ-
    ളെന്നറിയാത്തവനല്ലല്ലോ ഞാൻ.
മററുള്ളോരംഗങ്ങളൊക്കയും പുഷ്പങ്ങൾ;
    മുററുമാ ഹൃത്തൊരു പാറ വേറേ.
ആയതെന്മാനസസ്ഫാടികപാത്രത്തെ-
    യായിരം ചില്ലാക്കിപ്പൊട്ടിച്ചീലേ ?
കാമിനി, സൂക്ഷ്മമായ്ക്കാണുന്ന മൊട്ടമ്പു
    കാമനങ്ങെയ്യാത്ത കാരണം ഞാൻ. (6)

നിന്നുള്ളമിങ്ങനെ തീർത്തതും തന്നാജ്ഞ-
    യെൻനെററിയോലയിൽച്ചാർത്തിയതും
താമരപ്പൂവിൽനിന്നുണ്ടായ ധാതാവ-
    ല്ലോമനേ, മറേറതോ ഹിംസാശീലൻ.
അന്നിഷ്ഠുരൻപോലും പാശ്ചാത്താപാർത്തനായ്
    വെണ്ണകൊണ്ടക്കല്ലു മൂടി; പക്ഷേ,
ധന്യനല്ലാത്തൊരെൻ ദുർല്ലിപി മായ്ക്കുവാൻ
    തന്നെഴുത്താണി മയക്കിയില്ല. (7)

പെൺകൊടി, ഞാനൊരു പുല്ലായാൽച്ചൂഡയിൽ
    നിങ്കഴൽപ്പൊന്നലർ ചൂടിയേനേ;
പഞ്ഞിയായ്ത്തീരുകിൽപ്പാവാടയിൽക്കൂടി
    മഞ്ജുവാം നിന്മെയ്യിൽപ്പററിയേനേ;
നീരാവിയാകുകിൽത്തെന്നൽത്തേരോടിച്ചു
    പാരാതെ നിന്മുഖം ചുംബിച്ചേനേ;



Digitized By Kerala Sahitya Akademi

യാചകനായിപ്പോയ് നിൻ പ്രേമഭിക്ഷാൎത്ഥി ;
 നീചതയേതിനുണ്ടെന്നെപ്പോലെ ? (8)

ഹൃത്താമെൻ മെയ്യിലെസ്സമ്പത്തു കാവേണി,
 കത്തിക്കവൎന്നു നീ കൊണ്ടുപോയി ;
ചൊല്ലുമോ ഞാനതു ദൈവത്തോടെന്നോൎത്തു
 കൊല്ലുവാൻ കോപ്പിട്ടു നില്പുമായി.
ശങ്കയിതെന്തിനമ്മാനസമിപ്പൊഴും
 നിൻകയ്യിലല്ലീ ? തെല്ലുറവുനോക്കു.
കേവലം നീയൊഴിഞ്ഞാരെനിക്കുണ്ടൊരു
 ദേവതയീരേഴുപാരിൽ വേറേ ? (9)

കണ്ണീരിൽ മുങ്ങി ഞാനീറനാം മുണ്ടുമായ്
 നിന്നുടെ വിഗ്രഹമെൻമനസ്സിൽ
ഊണുമുറക്കവും വൎജ്ജിച്ചുറപ്പിച്ചു
 മാനിച്ചും ധ്യാനിച്ചുമൎച്ചചെയ്തും,
നിന്മയമായ്ത്തന്നെ സൎവ്വവുമീക്ഷിച്ചും,
 ജന്മം നയിക്കയാണേറെ നാളായ്.
ആയില്ലേ നിൻപാദഭക്തനു ദേവി, നീ
 സായുജ്യം നല്കേണ്ടും സന്മുഹൂൎത്തം ? (10)



Digitized By Kerala Sahitya Akademi

# നർമ്മസല്ലാപം.

1. കമുദിനിയൊടോതിനാൻ മന്ദവായു :
"സുമുഖി, യൊരു മുഗ്ദ്ധ നീ തർക്കമില്ല.
മധുരമൃദുഹാസമെന്തിപ്രകാരം
വിധുവിനുടെ നേർക്കു നീ തൂകിടുന്നു ?
ഇവിടെയണയുന്നുവോ വല്ല നാളും
ഭവതിയുടെ ധൂർത്തനാം പ്രാണനാഥൻ ?
ഉപരി ഗഗനത്തിലാണങ്ങിരിപ്പു-
പ്രഭു,വൊരു കുഴിക്കകത്തിങ്ങു നീയും.
സഖി, തവ മുഖത്തിൽ നിൻ കാന്തപാദം
പ്രഹരണമിയററിയാൽ മാത്രമായോ ?
അതിനുടെ തണുപ്പിൽനിന്നാ പ്രിയൻതൻ
ഹൃദയമവികാരമെന്നോർത്തുകൂടേ ?
അകലെയെഴുമായവൻ കാണുമോ നി-
ന്നകതളിരിൽ വായ്പതാം ശുദ്ധരാഗം ?
വരുവതുമെളുപ്പമല്ലേത്ര രാജാ-
വൊരുപടി പരിഗ്രഹക്കാരനല്ല !
അവിടെയുഡുപങ്ക്തിയും മറവുമായി-
ട്ടവിരതമവൻ സുഖംപൂണ്ടു വാഴ്വൂ.
വെടിയുക ഞെളിച്ചിൽ ; നിൻ കാമുകൻ ത-
ന്നടിമ ; യധിനാഥയല്ലേതുമേ നീ."



Digitized By Kerala Sahitya Akademi

2. കുമുദിനിയതത്രയും കേട്ടു ചൊന്നാൾ
സുമധുരമൊരുത്തരം സൂക്ഷ്മമേവം.
"ഗഗനഭുവി വാഴ്‌വൂ മൽകാന്തനെന്നോ
തികവിനൊടുരച്ചു നീ യെൻസഖാവേ ?
അടിയിലൊരു നോക്കു നീ നോക്കുമോ വ-
ന്നടനൻമാരരക്ഷണം നീക്കിനിൽത്തി ?
പ്രതിഫലിതനെന്നു നീയോർത്തിടേണം
മതി, ഗഗനമായിടും വാപിയിങ്കൽ ;
സ്ഫടികമയമെൻഗൃഹം തന്നെയാണാ-
വടിവുടയ തിങ്കളിൻ വാസഗേഹം.
മമ ചരണതാഡനം തൻശിരസ്സാൽ
ഹിമകിരണനേററുകൊണ്ടത്ര നില്പൂ.
പ്രണയകലഹം തുലോം ശാന്തമാക്കാ-
നനുനയപരൻ പ്രിയൻ വ്യാപരിപ്പൂ.
ഘനമകലെവിട്ടവൻ കാല്ക്കൽ വീഴ്‌വൂ
തനതുഡുവധൂടിമാരോടുകൂടി.
സദയമതുകണ്ടു ഞാൻ തൂകിടുന്നൂ
മുദധികത വായ്ക്കയാൽ മുഗ്ദ്ധഹാസം.
അടിമയിതിലാരു ? മൽപാദധൂളീ-
ലുഠനപരനിന്ദുവോ ? ഹന്ത ഞാനോ ?
മികവുമിതുപോലെ താൻ പൂരുഷന്മാർ ;
പകലവർ പരാക്രമംകാട്ടിടുന്നോർ ;



Digitized By Kerala Sahitya Akademi

ഇരവിൽ നിജകാന്തമാർതൻ പ്രസാദം
   വരുവതിന്ന ചെയ്യുവോർ ദാസ്യവൃത്തി.
യുവതിഹൃദയങ്ങൾ നീ കാണുവോന-
   ല്ലെവിടെ യവ ? യെങ്ങു നീ വാതപോതം ?
കമനനെയധീനനെന്നോൎക്കണം നീ
   കമനിയുടെയാനനം സ്മേരമായാൽ.”          (48)

Digitized By Kerala Sahitya Akademi

## വിദുരഭിക്ഷ.

ധിക്കാരിയായയോരു ദുൎയ്യോധനൻതന്റെ
സൽകാരം കൈക്കൊൾവാൻ നിന്നീടാതെ
ക്ഷത്താവോടൊന്നിച്ചു തൽപാൎശ്വം വിട്ടുപോയ്
ഭക്താനുയായിയാം പങ്കജാക്ഷൻ.

ഒന്നുമേ മാധവനാഹരിച്ചീലെന്നു
ചൊന്നീടുന്നില്ല ഞാനങ്ങുമിങ്ങും,
തേരിൽവച്ചെന്നേയ്ക്കുമായിട്ടു ദൂരത്തു
കൌരവലക്ഷ്മിയെക്കൊണ്ടുപോകേ.

ഒന്നുമേ നല്കീല പോകുമ്പോൾക്കാർവൎണ്ണൻ
കന്യകാശ്ശുല്കമായെന്നുമില്ല,
മേനിതൻ കാളിമ മാനിയാമന്നൃപ-
ന്നാനനമെങ്ങുമേ തേയ്ക്കുകയാൽ.

II

ഓതിനാൻ കൌരവൻ : "കണ്ടില്ലേ കൎണ്ണ നീ
ദൂതൻതൻ വ്യാപാരം ദുൎമ്മൎയ്യാദം ;
ഭാരതസാൎവഭൌമാതിഥ്യസമ്പത്തു
ദൂരത്തു തള്ളുമിത്തുച്ഛനേവൻ !



Digitized By Kerala Sahitya Akademi

തെണ്ടികൾ പാൎത്തൎത്തൻ തെമ്മാടിബ് ഭൃത്യനെ-
  ത്തണ്ടിലേയ്ക്കൊന്നു ഞാൻ കേററിനോക്കി ;
തെററിപ്പോയ്; ചെററുമതഹിപ്പോനില്ലവൻ ;
  ചെററയ്ക്കു ചെററയേ ചേച്ചയുള്ളൂ.
അത്താഴമുണ്ണുവാനങ്ങോൾക്ക്ത്രീനനാം
  ക്ഷത്താവിൻ കഞ്ഞിയേ ചേലായ്ത്തോന്നൂ.
ഉണ്മയിൽ ശൂദ്രൻെറയാതിത്ഥ്യം കൈക്കൊൾവാ-
  നമ്മഹാശൂദ്രൻ* താനല്ലീ യോഗ്യൻ ?
മോരൊന്നേ മോന്തുവാൻ ശീലിച്ച മൂപ്പക്ക്
  ഭാരിച്ച രാജാന്നം ഭക്ഷ്യമാമോ ?
മാളികപ്പൂമെത്തയേറിയാലെങ്ങനെ
  കാലികൾ മേയ്ക്കുവോൻ കണ്ണടയ്ക്കും ?
കണ്ണന്നായ്ക്കല്പിച്ച സൌധത്തിൽ ഞാൻ രത്ന-
  മൊന്നുമേ വച്ചീല; വയ്ക്കാൻ മേലാ;
കട്ടുകൊണ്ടക്കള്ളൻ പോയെങ്കിൽപ്പോയ്; പിന്നെ-
  പ്പെട്ടകം ശൂന്യമാമത്രേയുള്ളൂ.
കോലകത്തിങ്കൽത്തൻ മേടകണ്ടാ മുഗ്ദ്ധൻ
  കോലരക്കില്ലമെന്നോൎത്തിരിക്കാം ;
നഞ്ഞിട്ടും ചോററിൽ ഞാനെന്നുമപ്പാവത്തിൻ-
  നെഞ്ഞു കിടന്നു പിടഞ്ഞിരിക്കാം ;

---

* മഹാശൂദ്രൻ = ഇടയൻ.



Digitized By Kerala Sahitya Akademi

ഏതുമേ പേടിക്കേണ്ടെന്നേയശ്ശോപാലൻ ;
 ഭൂതനാശൊല്ലുന്നോ റപ്പല്ലോ ഞാൻ ;
പോരെങ്കിലായവനെൻഗുരുഭ്രാതനാം
 സീരിതൻ ഭ്രാതാവായ്പ്പോയിതാനും.
അമ്മഹാൻ തന്നുടെയാജ്ഞയാലെന്നോമൽ-
 ക്കണ്മണിയാകിയ ലക്ഷ്മണയെ
ചീളെന്നു കൃഷ്ണജന്നേകി ഞാൻ—അല്ലല്ല,
 കാളിന്ദീവാരിയിൽക്കെട്ടിത്താഴ്ത്തി.
നിർണ്ണയം ഞാനെൻെറയാചാര്യനല്ല നാം
 കണ്ണനെ യാതൊന്നും ചെയ്കയില്ല ;
അക്കഥയോർത്തു താൻ തുള്ളുന്നതപ്പാഴൻ
 ഭഗ്നൻതൻ പാർശ്വത്തിൽ ഭൃതംപോലെ.
ആവട്ടെ ഞാനെന്തു ചെയ്യേണ്ടു തോഴരേ ?
 ദൈവമെൻ കൈരണ്ടും കെട്ടിയിട്ടു.
പോരിലക്കശ്മലൻ നമ്മോടു ചേരാത്ത—
 തോരുമ്പോൾ നമ്മുടെ നല്ലകാലം.
ആയുധം തൊട്ടീടുന്നില്ലപോലജ്ജള-
 നായുധമെന്നവൻ തൊട്ടു പണ്ടും ?
കാലികൾ മേയുന്ന കാടല്ല പോർക്കളം ;
 കോലുകണ്ടോടുന്നോരല്ല യോധർ ;
പേടമാൻനേർമിഴിമാരുമായ് വട്ടത്തി-
 ലോടക്കുഴൽവിളിച്ചാടിപ്പാടി,



Digitized By Kerala Sahitya Akademi

കാട്ടുകൾ കാട്ടുവോനങ്കത്തിലേർപ്പെട്ടെ-
 ത്തേടലരമ്പുകളല്ലയല്ലോ.
മായകൊണ്ടോരോരോ തട്ടിപ്പു കാട്ടുവാ-
 നായവനുണ്ടൊരു കെല്പു വേറേ;
താടിക്കാർതന്മുന്നിൽ ദൈവമായ്ക്കൂത്താടാൻ
 ധാടിയുമുണ്ടത്ര സമ്മതിക്കാം.
താപസരെന്നുള്ള വാക്കു ഞാൻ കേൾക്കുമ്പോൾ-
 ക്കോപിപ്പുനാവതിൽക്കുററമുണ്ടോ ?
ഏറെയുണ്ടെന്നുടെ ചൂററിലും വൃദ്ധന്മാർ
 ചോറിങ്ങും കൂരങ്ങുമെന്നമട്ടിൽ.
പല്ലുകൾവീഴ്ത്തുവാനില്ലവക്കൊക്കയും
 തല്ലിക്കൊഴിച്ചുകഴിഞ്ഞു കാലം.
കാലൻെറ പേരേട്ടിലാവകക്കാക്കുള്ളോ-
 രോലകൾ തീരെപ്പൊടിഞ്ഞുംപോയി.
ക്ഷത്താവുമങ്ങനെയുള്ളവൻ താൻ; പക്ഷേ
 മത്താതന്നിഷ്ടൻ; ഞാനെന്തു ചെയ്യും ?
ഈരാവിൽ നമ്മളെ ദ്രോഹിക്കാൻ മാർഗ്ഗങ്ങൾ
 നൂറായിരമവർ ചിന്തചെയ്യും.
ചെയ്യട്ടെ; ദൈവമുണ്ടേതിനും മീതേ; ഞാൻ
 ജയ്യനല്ലിന്നോളമാക്കമാക്കും.
പാണ്ഡവക്കായിട്ടു കണ്ണനും കൂട്ടരും
 പാടെത്ര പെട്ടിട്ടുമിക്ഷണവും



Digitized By Kerala Sahitya Akademi

കായും വയറുമായ് ക്കാട്ടിൽക്കിടന്നവർ
കായും കിഴങ്ങുമേ തിന്നുന്നുള്ളൂ.
അന്നിതൃപ്പട്ടിണിക്കോലങ്ങൾ തന്നുടൽ
ചെന്നായും നക്കുവാൻ ചെല്ലുന്നില.
അച്ഛന്റെ നാട്ടിൽപ്പോയ് വാണീടാമാത്മജ,-
ക്കച്ഛനും വേണ്ടാത്തോൻ ധർമ്മപുത്രൻ.
കാട്ടിൽപ്പിറന്നവർ ; കാട്ടിൽ വളർന്നവർ ;
കാട്ടിൽ മരിക്കുകിലാർക്കു ഖേദം ?
മേളങ്ങളോരോന്നു കണ്ടിടാം കാഴ്ചത്തു
നാളെ"യെന്നിഷ്ടനോടോതി മന്നൻ,
കണ്ണനെക്കാലനെന്നോർത്തുകൊണ്ടാത്തനായ്-
ത്തന്നുടെ മന്ദിരം നോക്കിപ്പോയാൻ. 92

## III

ആരാജവീഥിയിൽപ്പുത്തനായ് പ്പുത്തനാ-
യോരോരോ ഹർമ്മ്യങ്ങൾ കാൺകെക്കാൺകേ,
ഉൾത്താരിൽക്കൌതുകം കൈക്കൊണ്ടു കാർവണ്ണൻ
ക്ഷത്താവോടിങ്ങനെ ചോദ്യംചെയ്തു :—
"ആരുടെ ഗേഹമി" തോതിനാനദ്ദിവ്യൻ
"കൌരവൻ തന്നുടെ കേളിസൌധം.
ഒട്ടേറെദ്ദാമങ്ങളങ്ങയെബ്ബന്ധിപ്പാൻ
പൊട്ടനിസ്സൌധത്തിൽ സൂക്ഷിക്കുന്നു.



Digitized By Kerala Sahitya Akademi

ഹാ ! വിത്യമുക്തനാണങ്ങെന്നു കാണ്മീല
ഹാനിയാൽ ഗ്രസ്തനാമന്ധപുത്രൻ.
ഭക്തിയാം രജ്ജുവാൽച്ചിത്തത്തിൽ ബന്ധിക്കാ-
മുത്തമപൂരുഷനങ്ങെയാക്കും ;
ആനന്ദധാമാവേ, പാട്ടപെട്ടീടുകി-
ലാ നന്ദഗോപൻതൻ ഗേഹിനിക്കും.
ഇങ്ങെഴും സാധ്വിമാർതൻ ഗളം വേർപെട്ട
മംഗല്യസൂത്രങ്ങളഗ്ഗണങ്ങൾ ;
താനും തൻക്രൂട്ടരുംകെട്ടിഞാന്നീടുവാൻ-
താനവയിമ്മന്നൻ സംഭരിപ്പൂ.
മാരകനാകുവാനോക്കുന്നു മാററാക്കു ;
സൂരജൻ നില്പതോ തന്നെച്ചുററി !"
ഓതിനാൻ നാഗാരികേതു:"ഞാൻ കാണുന്നു
മേദിനീപാലൻതൻ നാഗകേതു—
ഭീമൻെറ താതൻതൻ സ്വശ്ശത്തിലാടുന്നോ-
രീമഹാസാമ്രാജ്യധൂമകേതു.
രാജകബളനമാശിക്കും മന്നനു
യോജിച്ചതേററമീരാഹുചിഹ്നം.
കെട്ടട്ടെ തോഴരേ, കെട്ടട്ടെയെന്നെയ-
ദൃഷ്ടനതാമെങ്കിൽ,ക്കാണാമല്ലോ.
പാറാവെൻ പട്ടടയാകുകില്ലെന്തു ? ഞാൻ
പാറാവു പെററവനല്ലീ പണ്ടേ ?



Digitized By Kerala Sahitya Akademi

ധർമ്മജദ്രുതനെയല്ലവൻ ബന്ധിപ്പൂ
ധർമ്മത്തെ—ഇജ്ജഗൽപ്രാണനൻ ധർമ്മം.''

IV

''ആരുടേതിസ്സൗധം?'' അപ്പുറം ചോദിച്ചു
കാരണപൂരുഷ, നോതി ഭക്തൻ.
''വിശ്വാഭിശംസനഭാജനമായുള്ള
ദുശ്ശാസനൻതൻെറ ദുഷ്ടഗേഹം.
മാനത്തെബ്ഭഞ്ജിപ്പാനീമർത്ത്യരക്ഷസ്സി-
ന്നാണെന്നും പെണ്ണെന്നും ഭേദമില്ല.
അന്നത്തെ രംഗം ഞാനോക്കുന്നു, കൌരവ്യ-
ദുർന്നയബീഭത്സദുത്തരംഗം.
അംഗന, സോദരവല്ലഭ, പുഷ്പിണി-
യിങ്ങനെയുള്ളോരു തത്ത്വമൊന്നും
അക്ഖലനോർത്തീല, സാധ്വിയാം കൃഷ്ണയെ-
യഗ്രജവാക്യത്താൽത്തച്ചിഴച്ചു.
സ്ത്രീയുടെ വസ്ത്രത്തിൻ സ്രംസനം സംസത്തിൽ
സ്ത്രീപെററ പൂരുഷനാരു ചെയ്യും ?
ഭ്രാന്തനിപ്പാപി പാഞ്ഞെന്നഴിച്ചീടുന്നോ
ഗാന്ധാരിയമ്മതന്നംബരവും ?
ആ മാന്യ, പാർഷതി, പാണ്ഡവരാജാവിൻ-
ഹോമാഗ്നി പെററൊരു ധൂമവല്ലി.



Digitized By Kerala Sahitya Akademi

തീയുടെ പൈതലിൻ ചേലയിൽ കൈവച്ചോൻ
തീതന്നെ തൊട്ടു കളിച്ചു നൂനം.
ഓരോരോ പട്ടുമങ്ങേകിയതക്കൂട്ട—
ക്കോരോ ശവാംശുകമായി മാറും;
ഒരോരൊ കണ്ണീരുമസ്സതി വീഴ്ത്തിയ—
തോരോ തിലാഞ്ജലിയായിത്തീരും."
ഓതിനാൻ മാധവൻ "പോക നാം മുന്നോട്ടി-
പ്പാതകിതൻ ഗൃഹം വിട്ടു ദൂരെ;
ഭീമഗദാമിഷം പെട്ടെന്നു തിന്മാനെ- 152
ന്നോമനഗൃധ്രങ്ങളുൽപതിപ്പൂ."

## V

ചോദിച്ചു മറെറാരു സൌധംകണ്ടഗ്ഗൃഹ-
മേതെന്നു ഭക്തനോടിന്ദിരേശൻ.
ഓതിനാൻ ദ്വൈപായനാത്മജൻ: "അച്യുത,
പൂതനാം ഭീഷ്മർതൻ പുണ്യഗേഹം.
കർണ്ണന്റെ പേരിന്നു മേലില്ലദ്ദിവ്യന്നു
കർണ്ണരസായനം മന്നിലൊന്നും.
ആ മഹാനങ്ങയെച്ചിന്തിക്കും നേരത്തു
കോൾമയിർക്കൊള്ളുന്നു മേനി നീളെ.
സ്തോത്രങ്ങളോരോന്നു ചൊല്ലുന്ന നേരത്തു
ഗാത്രത്തിൽക്കമ്പനം വാച്ചിടുന്നു.



Digitized By Kerala Sahitya Akademi

വിസ്മരിച്ചീടുന്നു സാമ്രാജ്യമപ്പോഴാ-
    വിശ്രുതൻ, തന്മയൻ, വിശ്വാത്മാവേ.
ആടുന്നു, പാടുന്നു, വീഴുന്നു, കേഴുന്നു,
    തേടുന്നു മേല്ക്കുമേൽ ഭക്ത്യുന്മാദം ;
അമ്മട്ടിൽപ്പുത്രനെക്കാണുവാൻ പാഞ്ഞുപാ-
    ഞ്ഞമ്മയുമെത്തുന്നു കണ്ണിലൂടെ.
കേവലം ഭ്രുവിലപ്പാവനന്നൊപ്പമായ്-
    ത്താവകസേവകനേവനല്ലു ?
എങ്കിലുമമ്മഹാൻ ഭാവിയിൽപ്പാണ്ഡവ-
    രങ്കത്തിലേപ്പെട്ടാൽ ശത്രുപക്ഷ്യൻ.
തിന്നുന്ന ചോററിന്നു നന്ദി താൻ കാട്ടാഞ്ഞാൽ
    സ്വന്തദീപുത്രന്നു തുഷ്ടിയില്ല.
പാപിതന്നർത്ഥനാണെങ്കിലുമന്ധനെ-
    യാപത്തിലെങ്ങനെ വിട്ടുമാറും ?
ഗാന്ധാരിതന്നുടെ കണ്ണിൽ നിന്നശ്രുക്കൾ
    താൻ താഴെ വീഴ്വതു കണ്ടു നില്ക്കും ?
ബാലരാം പാർത്ഥരെയെങ്ങനെ കൊന്നിട്ട-
    ശ്ശീലവാൻ മറെറാരു കംസനാകും ?
അമ്പുകളെങ്ങനെയങ്ങയിദലല്ലിച്ച
    തൻ പൂജാബിംബം താൻ തച്ചുടയ്ക്കും ?
മുന്നോട്ടും പിന്നോട്ടും നീങ്ങുവാനാവാതെ
    നിന്നേടം നില്ക്കുന്നു നീതിനിഷ്ഠൻ.





Digitized By Kerala Sahitya Akademi

ഹാ ! ധൎമ്മസങ്കടമിത്രമേൽ വാഴ്ത്തി-
  ല്ലേതൊരു വീരനുമീരണത്തിൽ.
ആയുധം കൌരവൎക്കായിട്ടു തൊട്ടാലു-
  മാശിസ്സു പാണ്ഡവൎക്കേകിടുന്നു.
സച്ഛന്ദമൃത്യു താനെങ്കിലുമാതിഥ്യ-
  മിച്ഛിപ്പീലിന്ദ്രനിൽനിന്നിപ്പോഴും ;
അല്ലെങ്കിലെങ്ങനെയങ്ങയെ വേർപെട്ടു
  നല്ലവർ തേടീടുമന്യലോകം ?" (192)

VI

ഭീഷ്മർ—ഹാ ! തന്നുടെ ഭീഷ്മർ—തൻ ദിവ്യമാം
  വേശ്മമതെന്നുള്ള വാക്കു കേൾക്കേ
മററൊരു മട്ടായി മാനസം കണ്ണനു ;
  തെററെന്നു തിങ്കളായ്ച്ചെന്തീ മാറി.
വാരൊളിപ്പൂമേനി കോരിത്തരിക്കവേ
  തേരിൽനിന്നുത്ഥാനംചെയ്തു ചെമ്മേ,
ഓരോരോ സംഭവമോൎക്കവേ മേഷ്ക്കുമേൽ
  ധാരയായ്പ്പായുന്ന കണ്ണുനീരാൽ
ച്ചേണുററ പൂണാരം മാൎത്തട്ടിൽ ചാൎത്തിക്കൊ-
  ണ്ടാനന്ദവിഗ്രഹനേവമോതി :—
"നൂനമങ്ങെൻ മാൎഗ്ഗദൎശിതാൻ തോഴരേ !
  കാണേണ്ടതിപ്പോൾ ഞാൻ കണ്ടുവല്ലോ.



Digitized By Kerala Sahitya Akademi

ആയില്ല ഭാഗ്യോദയം ഞാനുമായ് വിശ്ലേഷം ;
 പോയില്ലെൻ കണ്ണിൻെറ പൂർവ്വപുണ്യം.
ഈ മണൽക്കാട്ടിലുമൽഭുതമിത്തരം
 പൂമലർക്കാവൊന്നു വായ്ക്കുന്നല്ലോ ;
ഇദ്ദുഷ്ടരാക്ഷസസ്ഥാനത്തിലുമൊരു
 സിദ്ധൻെറയാശ്രമം മിന്നുന്നല്ലോ.
രാജർഷേ, ഗാംഗേയ, വെന്നാലുമങ്ങുതാ-
 നാജന്മപാവനക്കഗ്രഗണ്യൻ.
ദാശനു ശുല്ക്കമായുച്ചത്തിൽ മുന്നമ-
 ങ്ങാശകളൊക്കയും ഞെട്ടുംവണ്ണം,
മാനിച്ചു ചെയ്തോരു സത്യത്തിൻ നിർഘോഷം
 മാറെറാലിക്കൊള്ളുന്നു മന്നിലിന്നും.
ഭർഗ്ഗൻതൻ കൺതീയിൽ ഭസ്മമായ്പ്പോകിലും
 ചിക്കെന്നു വീണ്ടും പോന്നുജ്ജീവിക്കെ
ആ മഹായോഗിയെക്കൊണ്ടു തൻ പാതിമെയ്
 കാമിനിക്കേകിച്ചു കാമദേവൻ.
താതൻതന്നാജ്ഞയാൽ സർവ്വവും സന്ത്യജി-
 ച്ചേതിന്നും സജ്ജനായ് രാമചന്ദ്രൻ
കാനനം പൂകിനാ, നെങ്കിലുമങ്ങുതൻ
 ജാനകിയെക്കൂടിക്കൊണ്ടുപോയാൻ.
മാന്മിഴിമാരുടെ ചിന്തയും മർത്ത്യക്കു
 തേന്മഴ പെയ്യുന്ന ചേതസ്സിങ്കൽ.



Digitized By Kerala Sahitya Akademi

'സ്ത്രീ'യെന്നൊരക്ഷരശബ്ദത്തിലില്ലാത്ത
    പീയൂഷം കണ്ണങ്ങൾക്കേതു വേറേ ?
യാഗങ്ങളെന്തിനു ചെയ്യുന്നു മാനുഷർ ?
    നാകത്തിലപ്സരസ്സ്ത്രീകൾ പുല്കാൻ.
അങ്കത്തിലെന്തിനു ചാകുന്നു ? കണ്ഠത്തിൽ
    വിൺകയൽക്കണ്ണിമാർ മാല ചാർത്താൻ !
ആ മട്ടിൽ ശ്രുത്യംബചക്രുടിയും കമ്രമാം
    കാമത്തെത്തൻമുന്നിൽക്കാട്ടിക്കാട്ടി
ധർമ്മത്തിൻ പാതയിൽ സഞ്ചരിപ്പിക്കുന്നു
    ശർമ്മത്തെയാശിക്കും സർവ്വരേയും.
അങ്ങനെ മായയിൽ മുങ്ങിന മന്നിതി-
    ലങ്ങമ്പോ ! മേലത്തേസ്സാർവ്വഭൗമൻ,
രാജശ്രീ വേണ്ടെന്നു വെച്ചതൊരാശ്ചര്യം ;
    സ്ത്രീജയംചെയ്തതൊരത്യാശ്ചര്യം.
തന്മിഴിത്തെല്ലിനാൽ ത്രൈലോക്യം വെല്ലുന്ന
    പെൺമണിമാരുടെ മദ്ധ്യത്തിങ്കൽ
നിത്യോർദ്ധ്വരേതസ്സായ് നില്ക്കുന്നുണ്ടങ്ങിന്നും
    നിസ്സംഗൻ, നിഷ്കാമൻ, നിർവ്വികാരൻ.
അമ്മയായ്—അല്ലെങ്കിൽ പെങ്ങളായ്— അല്ലെങ്കിൽ
    തൻമകളായ്—മാത്രം കണ്ടിരിക്കാം,
അല്ലാതെ മറെറാരു ഭാവത്തിലങ്ങേത്തു
    നല്ലാരെക്കാണ്മാനുമന്ധനല്ലോ.



Digitized By Kerala Sahitya Akademi

അംഗന കാൽപിടിച്ചുത്ഥിച്ചു നിന്നാലും,
    തൻഗുരു കോപിച്ചു ശാസിച്ചാലും,
തായ താൻ നേർന്നാലും, താവകസത്യോക്തി
    മായാപ്പിതാമഹരേഖതന്നെ.
എന്നാളുമസ്സത്യം നിർവ്വിഘ്നം കാക്കമ-
    ങ്ങെന്നുടെ.സത്യം ഞാൻ ലംഘിച്ചാലും
സ്രഷ്ടാവിൻ നെററിയിൽക്കൂടിയുമിന്നപ്പോൾ-
    പ്പെട്ടുപോം താനെന്ന ലേഖ്യം കാണും.
കല്പന കൂടാതെ കാലനു തൊട്ടീടാ-
    നല്പവുമാവാത്തതങ്ങു മാത്രം.
കാർമ്മുകപാണികൾക്കൊക്കയും നേതാവായ്,
    ധാർമ്മികകർക്കേവർക്കും ദേശികനായ്,
ആചാരശ്ലക്ഷ്ണനാ,യദ്ധ്യാത്മവേത്താവായ്-
    പ്പൂജാർഹനാരുണ്ടിന്നങ്ങേപ്പോലെ ?
കൌരവമന്നർക്കു മാത്രമ, ല്ലങ്ങോർത്താൽ
    ഭാരതർ ഞങ്ങൾക്കുപോലുമല്ല,
കേവലമീരേഴുലോകത്തിൽ ജാതരാ-
    മേവർക്കും മുത്തച്ഛനേതുകൊണ്ടും.
അങ്ങയാൽ ധന്യമായ് ചന്ദ്രൻതന്നന്വയ-
    മങ്ങയാൽപ്പൂതയായ് ഭൂതധാത്രി,
അങ്ങയാൽ സംസ്കാരസമ്പന്നരായ് ലോക-
    രങ്ങയാൽ രക്ഷമായ് ധാതൃപാണി.



Digitized By Kerala Sahitya Akademi

പാവനി ഗംഗയ്ക്കും വീരസൂകീർത്തിയാൽ
ധാവള്യം വായ്പിക്കും ത്യാഗമൂർത്തേ,
ശിഷ്ടരിൽ ശിഷ്ടനാമങ്ങയ്ക്കെൻ കൂപ്പുകൈ,
നിഷ്ഠുരനൈഷ്ഠികബ്രഹ്മചാരിൻ.
ശസ്ത്രമങ്ങേന്തുന്ന ശത്രുക്കൾക്കെന്നോർത്തു
വിത്രസ്തരാകുന്നീലേതും ഞങ്ങൾ ;
മാനസം ഞങ്ങൾക്കു തന്നുപോ,യങ്ങതിൽ
ബാണങ്ങളേല്പിച്ചാലാക്കു ഖേദം ?
അങ്ങയെക്കൂടിയും വെന്നുവെന്നുള്ളപേ-
രങ്ങയാൽ നേടട്ടെ പാണ്ഡവന്മാർ.'' (280)

## VII

അമ്മട്ടിൽ സൌധങ്ങളോരോന്നു നോക്കിയും,
നമ്മങ്ങളോരോന്നു സല്ലപിച്ചും,
തേരിങ്കൽപ്പോയിട്ടും ദേവനും ക്ഷത്താവും
ദൂരത്തൊരേടത്തു ചെന്നുചേർന്നു.
തൻപുരോഭാഗത്തിൽക്കാർവർണ്ണനങ്ങൊരു
മൺപുര നില്പതു കണ്ടാൻ ചാരേ,
കൃത്രിമമോടികൾ യാതൊന്നും കൂടാതെ
സത്യത്തിൻ വിശ്രമസ്ഥാനം പോലെ.
അച്ചെറുപുൽക്കുടിൽതന്നിലാണാർയ്യനാ-
യച്യുതഭക്തനായ്, ശാന്താത്മാവായ്,



Digitized By Kerala Sahitya Akademi

പാവിതലോകനായ്, വാഴ്‌വതാ വിജ്ഞനാം
ശ്രീവിദുരാഭിധൻ, ജീവന്മുക്തൻ.
ഏതൊരു ഗേഹമതെന്നജൻ, സർവ്വജ്ഞൻ,
ചോദിച്ചു ജിജ്ഞാസുവെന്നപോലെ,
പുഞ്ചിരി തഞ്ചിന ചെഞ്ചൊടി തോഴർതൻ
നെഞ്ചകം വഞ്ചനംചെയ്തുനില്ക്കേ.
ഓതിനാൻ ധർമ്മാത്മാ "വെന്നെയുമിങ്ങനെ
ശോധിപ്പതെന്തിനെന്നന്തര്യാമിൻ ?
വസ്തുക്കളേറിയാൽത്തന്നുടേതേതെന്നു
സത്രീകന്നോർക്കുവാൻ സാധ്യമല്ല ;
അങ്ങെന്നും വാണീടുമിഗ്ഗൃഹമല്ലെങ്കി-
ലങ്ങയാൽ; വിസ്മൃതമായതെന്തോ ?
മായയാം മാറാല മാറിപ്പോ,യങ്ങയെ
സ്വീയമാം രൂപത്തിൽക്കണ്ടുപോയ് ഞാൻ.
ഭവൽകമല്ലാതെയെന്തുണ്ടിപ്പാരിട്ടിൽ
സ്ഥാവരജംഗമസഞ്ചയത്തിൽ?
ആദിത്യനങ്ങേക്കൈ കത്തിക്കും പൊൽത്തിരി ;
വാർതിങ്കൾ മാൺപെഴും മന്ദഹാസം ;
താരങ്ങളാനന്ദക്കണ്ണുനീർത്തുള്ളിക-
ളീരേഴുലോകവും ക്രീഡാവസ്തു.
ഉണ്ണികൾതൻകളിയുള്ളം കുളിർപ്പിച്ചു
ധന്യനായ്ത്തീരാത്ത താതനാണ്ടോ ?



Digitized By Kerala Sahitya Akademi

പിഞ്ചിളംപൈതങ്ങൾ ഞങ്ങളോടങ്ങച്ഛൻ
 കൊഞ്ചിട്ടും കൊഞ്ചലീ ലോകതന്ത്രം.
പാടിയുമാടിയും ചാടിയുമോടിയും
 കാട്ടകൾ കാട്ടമിക്കുട്ടികളെ
വാടിന മെയ്യുമായ്ക്കാണവേ വന്നങ്ങു
 വാരിയെടുത്തണച്ചുമ്മവയ്പൂ.
പൊങ്ങുന്ന നേരത്തു പൊങ്ങുന്നു ഞാനങ്ങേ-
 പ്പങ്കജച്ചെങ്കഴൽ പററിപ്പററി ;
വീണിട്ടും നേരത്തു വീഴുന്നു ചെന്നങ്ങേ-
 ച്ചേണററ തൃക്കൈയിൽത്തെററിത്തെററി.
ആത്മാവു പുത്രനെന്നോത്തുണ്ടാമ്നായ,-
 മാത്മജരങ്ങേയ്ക്കു ഞങ്ങളെല്ലാം ;
അച്ഛനോടൊപ്പമാം മക്കളെന്നുള്ളതു
 നിശ്ചയം, വിത്തുകൾ വൃക്ഷംപോലെ.
അങ്ങയെ മാത്രമേ കാണുന്നതുള്ളൂ ഞാ-
 നെങ്ങനെയെങ്ങോട്ടു നോക്കിയാലും.
കാണിപ്പതങ്ങുതാൻ, കാണുന്നതങ്ങുതാൻ,
 കാഴ്ചയുമങ്ങുതാൻ കാരണാത്മൻ.
ഏതൊരു മൺതരി വൈകുണ്ഠമല്ലങ്ങേ,-
 യ്ക്കേതൊരു നീർത്തുള്ളിയാഴിയല്ല ?
ഏതൊരു നാളിലില്ലേതൊരു നാട്ടിലി-
 ല്ലേതൊരു വസ്തുവിലെൻപുരാനേ ?



Digitized By Kerala Sahitya Akademi

ഭൂതവും ഭാവിയുമില്ലാത്ത കാലമ-
ങ്ങാദിയുമന്തവുമററ രൂപം ;
ജന്മവും മൃത്യുവുമേലാത്ത ജീവിതം ;
നന്മയും തിന്മയും വിട്ട ഭാവം.

കർമ്മമെന്നങ്ങയെ വാഴ്ത്തുന്നു കർമ്മഠർ ;
ബ്രഹ്മമെന്നോക്കുന്നു മാമുനീന്ദ്രർ ;
പ്രേമമെന്നോതുന്നു ഭക്തർ ; അങ്ങേത്തും താൻ ;
നാമത്തിന്നങ്ങേയ്ക്കു സീമയുണ്ടോ ?

അങ്ങയെയെന്നില്ല, മങ്ങയിലെന്നെയു-
മങ്ങേക്കണ്ണെൻകണ്ണായ് ക്കണ്ടുനില്ക്കെ,
ഞാനെന്നൊന്നങ്ങൊഴിഞ്ഞില്ലതാൻ ; അല്ലാതെ
ഞാനെന്നൊന്നുണ്ടെങ്കിൽ ഞാൻ താനങ്ങും.

അങ്ങയെ ഞാനെന്നു ചൊല്‌വതിൽച്ചേർച്ചയി-
ല്ലങ്ങല്ല, ഞാനല്ല,ങ്ങന്യനല്ല ;
ഒക്കയും തീർക്കുന്ന, തൊക്കയും കാക്കുന്ന-
തൊക്കെയും മായ്ക്കുന്നതൊപ്പമേതോ ?

പാദജനെന്നെന്നെച്ചൊല്‌വതു നേരെങ്കിൽ
പാദം ഹാ ! ഭാവൽകമന്യരേക്കാം,
ചിന്മാത്രമൂർത്തേ, ഞാനാശ്രയിച്ചീടുവാൻ
ജന്മാവകാശി താൻ ; തെറെറന്തുള്ളു ?
എത്രമേൽ മേന്മയപ്പാദത്തിന്നുണ്ടെന്നു
സത്യത്തിലോതാൻ ഞാൻ ശക്തനല്ല.



6

Digitized By Kerala Sahitya Akademi

ചേലാന്ന നേർവഴി ഭക്തക്ക് കാട്ടുന്ന
ബാലാക്കൻതൻ ബിംബമാണപ്പാദം ;
ആദിതേയാധിപൻ ചൂടുന്ന പൊന്മുടി
പാദുകയാകുന്നതാണപ്പാദം ;
എന്മഹിയമ്മതൻ ചെന്തളിർക്കൈകൊണ്ടു
സംവാഹനംചെയ്യതാണപ്പാദം ;
ത്രൈവിക്രമാവസ്ഥ വാമനമൂർത്തിക്കു
കൈവളത്തീടിനതാണപ്പാദം ;
വിൺപുഴയാകുന്ന നന്മധുവൂറുന്ന
സംഫുല്ലസാരസമാണപ്പാദം ;
പാടുപെട്ടീശാനനാരാഞ്ഞുനോക്കീട്ടും
ചോടെങ്ങും കാണാത്തതാണപ്പാദം ;
കാളിയൻതൻ ഫണമാണിക്യരംഗത്തിൽ-
ക്കേളികളാടിയതാണപ്പാദം ;
അക്കഴൽ കുമ്പിട്ടു ചോദിപ്പനങ്ങേവി-
ട്ടിക്കുപ്പമാടത്തിന്നീശനേവൻ ? " (372)

## VIII

അഞ്ജനവിഗ്രഹനാ വാക്കു കേൾക്കവേ
പുഞ്ചിരി പിന്നെയുംപൂണ്ടു ചൊന്നാൻ :
"മാനുഷനല്ലേ ഞാൻ ? മാപ്പേക്കു തോഴരേ,
മാനുഷരോമ്മകേട്ടുള്ളോരല്ലേ ?



Digitized By Kerala Sahitya Akademi

അങ്ങമീ ഞാനഗായല്ലവും ഭേദമി-
　　ല്ലങ്ങ ഞാൻ തന്നെ ; ഞാനങ്ങും തന്നെ.
അങ്ങയിൽ വാഴ്‌വൂ ഞാ,നങ്ങിതിൽ ; പിന്നെയി-
　　തെങ്ങനെയെന്മണിമേടയല്ല ?
വന്നു ഞാനണ്ണുവാനത്താഴമെൻവീട്ടി-
　　ലന്യാന്നഭക്ഷകനല്ലല്ലോ ഞാൻ.
സ്നേഹിത, ചെല്ലാം നാമുള്ളിലേ,യ്ക്കങ്ങെനി-
　　ക്കാഗന്തു ; ഞാനങ്ങേയാതിഥേയൻ.
പാദജൻ പോലുമ, ങ്ങിപ്പരബ്രഹ്മത്തിൻ
　　പാദവും ശീർഷവുമാരു കണ്ടു ?
യാതൊരു മൂർത്തിയുമില്ലാത്ത സത്തയെ
　　'നേതി' യെന്നാംമട്ടുമോതിയോതി,
പോരാതെ പൂരുഷരൂപത്തിൽക്കാട്ടുന്നു
　　വേറിട്ടുപോംവഴി വിട്ട വേദം.
മിഥ്യാഭിമാനത്താൽ മാനുഷർവാക്യം
　　തത്ത്വാവബോധകമെന്നു നണ്ണി,
നിത്യവും തേടുന്ന മത്സരം—എല്ലാമൊ-
　　രത്ഥാലങ്കാരോക്തി ചെയ്തു ചെയ്തു.
സത്യത്തിൽ മാനുഷരേവരുമൊന്നു താൻ ;
　　വ്യക്തികൾ വാസനാമാത്രഭിന്നർ ;
ആദിത്യമണ്ഡലം പാരെങ്ങും വർഷിക്കു-
　　മേതൊരു രശ്മിയുമേകരൂപം.



Digitized By Kerala Sahitya Akademi

പാദജനാണെങ്കിലാകട്ടെ ; തോഴര-
  പ്പാദത്തിൻ മാഹാത്മ്യം കണ്ടറിഞ്ഞോൻ.
നിശ്ചയം ഗംഗതൻ ഭ്രാതാവു താനങ്ങ
  വിശ്രുതചാരിത്രൻ, വിദ്യാവൃദ്ധൻ ;
ശ്രീശുകബ്രഹ്മർഷിശ്രേഷ്ഠനുമഗ്രജൻ ;
  ഭീഷ്മക്കു യോജിച്ച കാരണവൻ.
അങ്ങയാൽക്കാവൽതൻ സോദരി കാളിന്ദി
  മംഗലഗംഗയായ് മാറിടുന്നു ;
അന്ധനാം മന്നൻ തൻ താമസമാനസ-
  മിന്ദുവിൻ ബിംബമായ്ത്തീർന്നിടുന്നു.
അൻപിലിക്കൃഷ്ണനാം ഞാനുമിന്നങ്ങേക്കു
  വെൺപട്ടു ചാർത്തിച്ച രാമനേട്ടൻ.
നീതിയാം ഗൌരിതൻ നീഹാരശൈലമേ,
  സാദരമങ്ങേയ്ക്കെൻ ധന്യവാദം. (412)

## IX

"സാമ്പ്രതമാനീതിദേവതതൻ ചൊല്ലു-
  മാംബികേയാത്മജൻ കേൾപ്പീലല്ലോ.
ഏതും ഞാൻ ശക്തനെന്നോർപ്പീലദൃഷ്ടനെ-
  ട്ടുതിനാൽ മര്യാദക്കാരനാക്കാൻ.
സ്വല്പവും ബുദ്ധിയുണ്ടെങ്കിൽ ഞാൻ ചെയ്യേണ്ട
  നിഷ്ഫലമാകുമിസ്സന്ധിയത്നം.



Digitized By Kerala Sahitya Akademi

എന്നാലും ശക്യമാമുദ്യമമാവോള-
മെന്നാളും കർത്തവ്യമല്ലീ നമ്മാൽ,
പോരെന്ന പേയുടെ ഘോരമാം വായിലി-
പ്പാരിടം കൈതെററി വീണിടാമ്പോൻ ?
പററിയാൽപ്പററി ; നാം ലോകത്തിൻ ദൃഷ്ടിയിൽ-
ത്തെററുകാരല്ലല്ലോ ചെററും പിന്നെ.
ശോണിതസിന്ധുവിൽ മജ്ജനംചെയ്തിട്ടു
വേണമീയൂഴിതൻ പങ്കം നീങ്ങാൻ ;
എന്നാലതാവട്ടെ ; യെങ്ങനെയെങ്കിലും
വെന്നാവൂ ധർമ്മം താൻ വിശ്വാധാരം.
ഹിംസയെ മറെറാരു പോംവഴി കാണാഞ്ഞാൽ
ഹിംസനം ചെയ്യുന്നു ഹിംസയല്ല ;
ഹിംസയ്ക്കു കീഴ്പ്പെട്ടമേതൊരഹിംസയും
ഹിംസതൻ പര്യായശബ്ദം മാത്രം.
ഭീഷ്മരും ദ്രോണരും കർണ്ണനും ശല്യരു-
മൂഷ്മളവീര്യനാം ദ്രൗണിതാനും
ചൊല്ലടി നിൽക്കുന്ന കൗരവനിങ്ങനെ
മല്പ്പടിച്ചാർപ്പതിലെന്തു ചിത്രം ?
ഭൗതികശക്തിതൻ പര്യാപ്തികൊണ്ടവ-
നേതിനും തയ്യാറായ് നിന്നിടുന്നു.
ഒന്നുണ്ടോർക്കുന്നമെന്നോർക്കുന്നതില്ലവൻ—
തന്നുടെ പക്ഷത്തിലല്ല് ധർമ്മം.



Digitized By Kerala Sahitya Akademi

കേവലമായത്ത കൈവിട്ടോരക്ഖലൻ
   പീവരമാമൊരു വഞ്ചോൽപ്പന്തൽ ;
എങ്ങനെ ജ്ഞംഭിച്ചു നില്ക്കിലും തദ്വക്തി
   മംഗല്യം വേർപെട്ട മാമാത്രം.
തൻഗ്രാമം സവ്വം വേണ്ടോരാ ലുബ്ബന്ന
   സംഗ്രാമം ചെല്ലാനേ സാധ്യമാക്രൂ.
എത്രനാൾ ധമ്മത്തെ ദ്രോഹിക്കും ദുർവൃത്തൻ
   മിത്രനെക്രൂരിരുട്ടെന്നപോലെ ?
ആയുധം തൊട്ടിടേ,ണ്ടാർഭാടം കാട്ടിടേ-
   ണ്ടായോധനത്തിന്ന കോപ്പിടേണ്ട ?
എങ്ങത്ത നില്ക്കുന്ന സാമ്രാജ്യലക്ഷ്മിയെ-
   യങ്ങുതാൻ ചേർത്തിട്ടേ നീങ്ങൂ കാലം.   (452)

X

"പോകട്ടെയാപ്പക ചിന്തകൾ ദൂരത്തു ;
   വേഗത്തിലത്താഴമുണ്ടിടാം നാം ;
ചീളെന്ന നിദ്രയെക്കൈക്കൊള്ളാം ; നീളട്ടെ
   നാളത്തെക്കാര്യങ്ങൾ നാളെയോളം.
കള്ളമല്ലേതും ഞാൻ ചൊല്വത്തു ; തീയെൻറ
   പള്ളയിൽ മേല്ക്കുമേൽക്കത്തിടുന്നു ;
താണ്ഡവമാടുന്ന ധാടിയിലങ്ങത്ത
   ഖാണ്ഡവക്കാട്ടിൽപ്പണ്ടെന്നപോലെ.



Digitized By Kerala Sahitya Akademi

ഞാനൊരു സാപ്പാട്ടുരാമനെന്നുള്ളതു
നൂനമെൻ തോഴർതൻ പാതിയോർക്കാം ;
അന്നല്ലാർ നല്കിടും പാലിനും തൈരിനും
വെണ്ണയ്ക്കും സ്വാദൊന്നു വേറേതന്നെ.
അല്പവും ശങ്കയില്ലപ്പിക്കുമസ്സതി-
യപ്പവും വത്സനും പായസവും
ഭക്തപ്രിയാഭിധയുണ്ടെനിക്കായതു
ഭക്തത്തിൽ പ്രീതിയാൽ വന്നതത്രേ.
ഊറുന്നു വെള്ളമെൻ നാവിൽ, ഞാനുമത്തട്ടിൽ-
പ്പേറുന്ന വൻകൊതി ഭുക്തി ചെയ്യാൻ.
നില്ക്കട്ടെ ദൂരത്തു ദൂതിന്റെ ചിന്തയാം
സ്വപ്നത്തെക്കട്ടേറുമ്പൊട്ടുനേരം."
വഞ്ചനമാനുഷനിമ്മട്ടിൽ വാക്കോതി-
യഞ്ചിതവക്ത്രനായ് ത്തോഴരോടും
അർഘ്യപാദ്യാദികൾ കൈക്കൊൾവാൻ വാതില്ക്കൽ
നില്ക്കാതെ പാഞ്ഞെത്തി തൽഗൃഹത്തിൽ.
നേരുതാൻ ചൊന്നതു ; തീയുമുണ്ടെക്കുക്ഷി
പേറിടും ബ്രഹ്മാണ്ഡഭാണ്ഡത്തിങ്കൽ.
ഭക്തർക്കു നിത്യാമൃതാർപ്പണം ചെയ്യോന-
ബ്ഭക്തനിൽ നിന്നമൃതാദാതാവായ്
അങ്ങരുളീടവേ തുഷ്ടമായ് തെല്ലൊന്നു
തൻകടം വീട്ടിയപോലെ വിശ്വം.



Digitized By Kerala Sahitya Akademi

അല്പമായ്പ്പിന്നെയും സല്ലപിച്ചപ്പുറം
തല്പത്തെ പ്രാപിച്ചാൻ സരസാക്ഷാൻ,
ഭദ്രയാമിന്ദിരയീർഷ്യയിൽ നോക്കുന്നി
നിദ്രയാലാലിംഗിതാംഗനായി.
ശേഷമെന്തോതേണ്ടു ? ചെററപ്പായൊന്നതു
ശേഷനായ്ത്താങ്ങിപ്പോൽ ചിൽപുമാനേ. (488)



Digitized By Kerala Sahitya Akademi

# ചപ്പും ചിപ്പും

ഇന്നു നാം 'ചപ്പും ചിപ്പും' എന്നോതും പദാൎത്ഥങ്ങ-
ളൊന്നിനും കൊള്ളുകന്നതല്ലെന്നല്ലീ നിനയ്ക്കുന്നു ?
വ്യൎത്ഥമായൊന്നുംതന്നെ വിശ്വത്തിലില്ലെന്നുള്ള
തത്വം നാം ധരിക്കാതെ വാഴ്‌വതാണതിൻമൂലം.
സദ്യസ്സമാവാം നേട്ടമൊന്നിൽനി,ന്നന്യത്തിൽ നി-
ന്നുത്തരക്ഷണത്തിങ്കലായിടാം പ്രയോജനം.
"ഇന്നത്തേപ്പൂജാസുമം നാളത്തേപ്പാഴ്‌നിൎമ്മാല്യ-
മിന്നത്തേക്കോടിച്ചേല നാളത്തേപ്പഴന്തുണി ;
ഇന്നത്തേപ്പൊന്നിൻമേട നാളത്തേശ്ശവക്കോട്ട-
യിന്നത്തെയാഗന്തുകൻ നാളത്തേത്തിരസ്കൃതൻ."
എന്നു നാമോൎത്തെന്തിന്നു മാഴ്‌കുന്നു ? കണ്ടീടാമൂൎ-
ക്കണ്ണിനാൽ നോക്കുന്നേരം കാഴ്ചയൊന്നാക്കും വേറേ.
ഇന്നത്തേക്രീഡാരാമമിന്നലെഘോരാരണ്യ-
മിന്നത്തേപ്പൂഞ്ചെപ്പാടമിന്നലെക്കൊട്ടങ്കായൽ ;
ഇന്നത്തേ മുക്താരത്നമിന്നലെപ്പയോബിന്ദു-
വിന്നത്തേപ്‌ഫലപ്രാപ്തിയിന്നലെ സ്വപ്നഭ്രമം.
മൃത്യുവിന്നാണെങ്കിലെ,ന്തായിക്കൊള്ളട്ടേ ജന്മം ;
മൃത്യുവും ജന്മത്തിനാണെന്നില്ലേ സമാധാനം ?
പുത്തനാമോരോതരം വസ്തുവായ് പ്രകാശിപ്പൂ
ചത്തുപോയെന്നോൎത്തു നാം ദുഃഖിക്കും സമസ്തവും.



Digitized By Kerala Sahitya Akademi

## ചപ്പും ചിപ്പും

പാരിടം ശ്മശാനമ,ല്ലായതിന്നടിക്കു നാം
ചാരുവാമേതോ ശില്പശാലയൊന്നത്രേ കാണ്മൂ ;

അങ്ങൊളിഞ്ഞേതോ ശക്തി വായ്പുതുണ്ടെല്ലാററിനും
മംഗളം വളർത്തുവാൻ മഞ്ജുളക്കയ്യും നീട്ടി.

പേർത്തുമക്കരം നഞ്ഞാൽത്തീർക്കുന്നു സിദ്ധൌഷധം ;
കൂർത്തമുള്ളിനെജ്ജപാസൂനമായ് വിടർത്തുന്നു ;

കൈപ്പിൽനിന്നുണ്ടാക്കുന്നു മാധുര്യം ; നാററത്തിൽനി-
ന്നുത്ഭവിപ്പിച്ചീടുന്നു സൌരഭ്യം വിശേഷോത്തരം.

തങ്കമായ്,ത്തുരുമ്പിച്ച ലോഹത്തെ മാററീടുന്നു ;
തങ്കത്തെയുതിക്കാച്ചിപ്പണ്ടങ്ങൾ നിർമ്മിക്കുന്നു ;

ആ മനോഹരങ്ങളാം ഭൂഷണങ്ങളെക്കൊണ്ടു
ഭൂമിതൻ പൂമേനിക്കു സൌഭഗം പുലർത്തുന്നു.

ചേലിലക്കയ്യിൽച്ചെന്നു വിശ്രമം കൊൾവാൻ ഹംസ-
തൂലശയ്യയിൽപ്പോലെ, പോകുന്നു ജീവാത്മാക്കൾ ;

വേഷമാ നേപഥ്യത്തിൽ മാററിക്കൊണ്ടെത്തും വീണ്ടും
ശേഷവും കഥാഭാഗമാടുവാനാനർത്തകർ.

ഇന്നത്തേച്ചപ്പും ചിപ്പുമില്ലാഞ്ഞാൽ നമുക്കെല്ലാം
പിന്നത്തേക്കൃഷിക്കേതു ദോഹളം ഭ്രാതാക്കളേ ?

ചപ്പുചിപ്പാണെന്നോർത്തു തള്ളുവാൻ പാടില്ലൊന്നും ;
ചപ്പുചിപ്പിൽനിന്നത്രേ സംഭൂതി സർവ്വത്തിനും.



Digitized By Kerala Sahitya Akademi

# വിനയം

1. നിശ്ചലും കാണമെന്നുണ്ടെത്രയോ പേരെ നാ-
   മുച്ചസ്ഥരാകുന്നതൊട്ടുനേരം,

   ലീലയിൽ ദൈവമൊന്നൂതുമ്പോൾപ്പൊങ്ങുന്ന
   തൂലത്തിൻ തുണ്ടുകളെന്നപോലെ.

   "അമ്പെടാ ! ഞാനേ ഞാൻ !!" എന്നവരപ്പോഴു-
   ക്കൊമ്പത്തിരുന്നു ഞെളിഞ്ഞീടുന്നു.

   കണ്ണിന്നു കാഴ്ചകേ, ട്ടുള്ളിന്നു വിസ്മൃതി ;
   ചൊന്നാലതുന്മദ,മല്ലുന്മാദം.

2. എന്തിനിക്കുന്തിച്ചുനില്ക്കലെൻഭ്രാതാവേ,
   രണ്ടുമൂന്നങ്ഗുലം പൊങ്ങാൻ മാത്രം ?

   നീരദമേചകകൌശേയം ചാർത്താമോ ?
   താരകപ്പൊൻമുടി ചൂടിടാമോ ?

   .വാനവർകോനുമായ് സല്ലാപം ചെയ്യാമോ ?
   വാണിതൻ കാന്തനെദ്ദർശിക്കാമോ ?

   നിൻകുതികാലിന്നു കോട്ടമുണ്ടെന്നല്ലീ
   ശങ്കിച്ചുപോകുന്നു കണ്ടുനില്പോർ ?

3. ഉത്തമസ്വപ്നാമോകുതികൊണ്ടല്ലാതെ
   മദ്ധ്യമരാവില്ലീ മന്നിലാരും ;



Digitized By Kerala Sahitya Akademi

ആ മൊഴി വായിൽനിന്നെപ്പൊഴോ വീഴുന്നു ;
പൂമകൾ വീഴുന്നു കൂടെയപ്പോൾ.

വീരന്നു വായ്ക്കകത്തല്ല തൻ വെററിവാൾ ;
നേരിന്നു പൊയ്ക്കാലിൽ നിന്നിടേണ്ട ;

നൃത്തത്തിൻ പാടവം വേഷത്തിൽ വായ്പീല ;
സിദ്ധികൾ കാട്ടുവാൻ കൊട്ടു വേണ്ട.

ഉച്ചവച്ചോതീട്ടു കാര്യമി ; ല്ലത്രയ്ക്കു
സജ്ജനത്തിൻ ചെവി പൊട്ടയല്ല.

തൻകഥ താൻതന്നെ ചൊല്ലിയുമാടേണ്ട !
വങ്കരല്ലത്രയ്ക്കു ദർശകന്മാർ.

എത്രയും ലോകത്തിന്നുദ്വേഗഹേതുക-
മൌഢ്യം—ഹൃത്തിലെക്കുഷ്ഠരോഗം.

4. മേലോട്ടു പൊക്കിന പാണിക്കു വീഴ്ത്തിടാം
കീഴോട്ടുമെന്നുള്ളതോർത്തിടാതെ,

എന്തിനിപ്പൊങ്ങച്ചപ്പേക്കൂത്തു ചങ്ങാതി ?
നിൻതല നിന്നോട്ടേ നിൻകഴുത്തിൽ.

നിന്നെക്കാളെത്രയോ കേമത്തം വാച്ചവർ
മണ്ണോടുമണ്ണായി മാഞ്ഞോരില്ലേ ?

പൌരുഷം—കാണുന്നോ നീയലെക്സാൻഡറെ ?-
ച്ചാരുത—കാണുന്നോ നൂർജിഹാനെ ?



Digitized By Kerala Sahitya Akademi

5. മാഹാത്മ്യം വാഴ്‌വതു മാളികകളുടെയുള്ളിലും,
മാനിനിതൻ വൈരമാലയിലും,
സ്ഥാനമാനാദികസമ്പത്തിലുമല്ല ;
ഞാനെന്നഭാവത്തിൻ നാശമൊന്നിൽ.
നക്ഷത്രമെണ്ണിയും മേൽക്കുമേൽ വാനത്തു
ലക്ഷക്കണക്കിന്നു കോട്ടതീർത്തും
വാഴുകിലെന്തായി ? താഴോട്ടുനോക്കി നീ-
യൂഴിയെക്കുപ്പൂ നിൻ തായയാളെ.

6. നമ്രതേ, നിന്നെ ഞാനാശ്രയിച്ചീടുന്നു
ജന്മം കൃതാർത്ഥമായ്ത്തീർന്നുകൊൾവാൻ.
ഇമ്മഹിയിങ്കൽ ഞാൻ കാണ്മോളം മാനുഷ-
ക്ക്ന്മതാൻ കല്യാണകാമധേനു.
എന്നുടെ ഭൂതവും ഭാവിയും കാട്ടുന്ന
പൊന്നൊളിക്കണ്ണാടിയമ്മ നല്കും ;
ഞാൻ മറന്നീടുകയില്ലതു നോക്കുമ്പോൾ
ത്താഴ്മതാൻ മേന്മയെന്നുള്ള തത്വം.

7. കല്ലോലമില്ലാത്തോരാഴിയാമെൻമനം ;
സ്വർല്ലോകം വേണ്ടാത്തതാമെൻ യാഗം ;
മൌനത്താൽ വാഗ്മികൾക്കഗ്രിമനാകും ഞാൻ ;
ബാണമൊന്നെയ്യാതെയൂഴി വെല്ലും



Digitized By Kerala Sahitya Akademi

ദൈവത്തിൻ കൈയിലെപ്പാവയായാടാതെ-
    യാവതുമമ്മയെക്കൈവണങ്ങി,
വേലയ്ക്കു കൂലിയായ് വേലയെത്താൻകണ്ടു
    കാലം നയിക്കുമാറാകണേ ഞാൻ.
നിത്യം നിന്നാശ്രമദ്വാരത്തിന്നുള്ളിൽ ഞാ-
    നത്യന്തം പ്രഹ്വനായേറീടാവൂ !
ദേവാവതാരങ്ങൾ കാട്ടുന്ന ശാലീന-
    ഭാവത്തിൻ വൈഭവം കണ്ടീടാവൂ ! (66)



Digitized By Kerala Sahitya Akademi

# അമ്മയും മകനും

1. ആടിയും പാടിയും മററ—ത്തെങ്ങു-
മോടിക്കളിക്കുന്ന കുട്ടൻ ;
പുഞ്ചിരിതഞ്ചും മൊഴികൊ—ണ്ടൊക്കും
നെഞ്ചലിയിക്കുന്ന— കുട്ടൻ ;
അമ്മയുമച്ഛനും കൈമെയ്—മറ-
ന്നമ്മവെച്ചീടുന്ന കുട്ടൻ ;
കുട്ടൻെറയച്ഛൻ മകനെ—യയ്യോ !
വിട്ടുതാ പോകുന്നു വിണ്ണിൽ. (8)

2. മാറത്തലച്ചമ്മ വീഴ്‌വൂ—മേനി-
യാറാത്ത കണ്ണീരിൽ മുക്കി.
ഒന്നുമറിയാത്ത കുട്ട—നുടൻ
മുന്നിൽത്തിടുക്കത്തിലെത്തി.
തായയെക്കെട്ടിപ്പുണന്നു ;—പൊട്ടി-
പ്പായുന്ന കണ്ണീർ തുടച്ചു.
"അമ്മേ, കരവതെന്തമ്മേ ?"—യെന്നാ-
ണമ്മണിപ്പൈതലിൻ ചോദ്യം. (16)

3. ഉത്തരമെന്തു പറയു—മവരു ?
പുത്രനെത്താങ്ങിയെടുത്തു.



Digitized By Kerala Sahitya Akademi

"എൻമകനേ, നിൻെറയച്ഛൻ—തങ്കം,
നമ്മെ വെടിഞ്ഞെങ്ങോ പോയി."

"പച്ചപ്പൊളിയിതു" ചൊന്നാൻ—മക
"നച്ഛനുറങ്ങുകയല്ലേ ?"

"അല്ലിതുറക്കമല്ലയ്യോ !—കുഞ്ഞേ,
ഇല്ലിതിൽ നിന്നൊരുണരൽ." (24)

4. "അമ്മേ, വിളിക്കാം ഞാ,നച്ഛൻ—പെട്ടെ-
ന്നെൻ വിളികേട്ടാലുണരും."

"അച്ഛാ, വിളിക്കയാണച്ഛാ,—കുട്ട-
നൊച്ചകേട്ടൊന്നെഴുന്നേല്ക്കൂ!

അമ്മയെക്കള്ളിയെന്നോതി—ക്കൂറേ
നമ്മൾക്കു പൊട്ടിച്ചിരിക്കാം."

എത്ര വിളിക്കുകിലെന്താ—വിളി
ചത്ത പിണമുണ്ടോ കേൾപ്പൂ ? (32)

5. പേടിച്ചു തായതൻ മുന്നിൽ—മുഖം
വാടിത്തളർന്നെത്തിയുണ്ണി.

"അമ്മ പറഞ്ഞതു നേരാ—ണച്ഛൻ
നമ്മെ വെടിഞ്ഞതു തന്നെ.

എങ്ങുപോ,യെങ്ങുപോയ് ? ചൊന്നാ—ലുട-
നങ്ങു ഞാൻ ചെന്നു വിളിക്കാം.



Digitized By Kerala Sahitya Akademi

പന്തിനും പാവയ്ക്കും വേണ്ടി — ട്ടൊരു
    ശണ്ഠകൂടില്ലെന്നുമോതാം.” (40)

6. അമ്മ പറഞ്ഞു : “മകനേ—യങ്ങു
    നമ്മൾക്കു ചെല്ലുവാൻ മേലാ.
ദൈവം വിളിച്ചിട്ടുപോയ് നി—ന്നച്ഛ-
    നാവതൊന്നില്ലല്ലോ നമ്മാൽ.”
“അച്ഛനില്ലാത്തവനാണോ ദൈവ-”
    “മച്ഛനുമമ്മയുമേറ്റോൻ.”
“അച്ഛനില്ലാഞ്ഞാലതിനു— നമ്മോ-
    ടിച്ചതി ചെയ്യാമോ തായേ ?
എങ്ങവൻ ചെന്നു മറഞ്ഞു—നമ്മൾ-
    ക്കിങ്ങനെയത്തൽ വരുത്തി ?”
“വിണ്ണിലിരിപ്പവൻ ദൈവം—കുട്ട,
    മണ്ണിലുമുള്ളവൻ തന്നെ.
എങ്ങും നിറഞ്ഞോരവനെ—നമ്മൾ-
    ക്കെങ്ങൊരേടത്തുണ്ടെന്നോതാം ?” (54)

7. കുട്ടനടനൊരു കല്ലും— കൊണ്ടു
    തട്ടിലൊരോട്ടമായോടി.
“നിൻകളിയെന്തിതെന്നുണ്ണി ?”—എന്നു
    മങ്കയവനെത്തടുത്തു.





Digitized By Kerala Sahitya Akademi

"വാനത്തൊളിക്കയോ ചെയ്തു—ദൈവം ?
ഞാനതുകണ്ടിരുന്നാലോ ?

കല്ലുകൊണ്ടൊന്നെറിഞ്ഞോട്ടേ—ഞാനാ-
ക്കള്ളന്റെ കാലൊടിച്ചോട്ടേ.

നാളെയും വന്നിടൊല്ലല്ലോ—കട-
ന്നാളുകളെക്കൊണ്ടുപോകാൻ.

അല്ലെങ്കിൽ വിട്ടുതരട്ടേ—വേഗം
നല്ലൊരെന്നച്ഛനെയങ്ങോർ." (66)

8. ഏതൊരു മട്ടിൽക്കരയും—തള്ള-
യേതൊരുമട്ടിൽച്ചിരിക്കും ?

"തങ്കമേ, ദൈവത്തിൻ മെയ്യിൽ—ച്ചെന്നു
നിൻകല്ലു കൊള്ളുകയില്ല ;

വന്നു തിരിച്ചതു വീഴ—മപ്പോൾ
നിന്നിളംപൂമെയ് മുറിയും.

കുമ്പിട്ടുനിന്നു തൊഴുതാൽ—ലവ-
നൻപിൽനിന്നച്ഛനായ്ത്തീരും " (74)

9. ആ മൊഴി കേൾക്കവേ കുഞ്ഞിൻ—പനീർ-
പ്പൂമുഖമൊന്നു മലർന്നു.

"തീരുമോ ? നേരു പറയൂ !—തായേ."
"തീരും ; ഞാനാണയിട്ടോതാം."



Digitized By Kerala Sahitya Akademi

"എന്തുതരുമച്ഛനായൽ ?".--നിന-
ക്കെന്തും നിനച്ചതു നല്കും."

"അമ്മയേയും കൊണ്ടുപോമോ-വന്നാ-
ലമ്മയുമില്ലാത്തോനല്ലേ ?"

"ഇല്ലില്ല ; കൃപ്പിത്തൊഴതാ—ലവ-
നല്ലും പകലും തുണയ്ക്കും." (84)

10. 'ആവട്ടെ' യെന്നു പറഞ്ഞു—പൈതൽ
ദൈവത്തോടിങ്ങനെ നേർന്നു.

"ക്രൂറെന്നിലില്ലാത്തൊരച്ഛ—നെങ്ങോ
ദൂരത്തുപോയ് പോലും ; പോട്ടെ.

"ക്രൂരുള്ളോരച്ഛനാണങ്ങെ—ന്നമ്മ
നേരുരചെയ്തു ഞാൻ കേട്ടു.

-നിച്ചലുമങ്ങയെക്കുപ്പാ—മിനി-
യച്ഛനെനിക്കാരു വേറേ ?" (92)

11. നാഥൻെറ കാര്യം മറന്നു—നല്ലാർ
പൈതലിൻ പാൽമൊഴി കേൾക്കേ ;

'ഓമനേ ! യെന്നുവിളിച്ചു—കുഞ്ഞിൻ
കോമളപ്പൂമെയ് മുകന്നു. (96)



Digitized By Kerala Sahitya Akademi

# കള്ളന്റെ പുനർജ്ജന്മം

ആരാവിൽ സുഹൃത്തുക്കൾ ആരുമേ പേക്കോർക്കുന്നു
ക്രൂരോട്ടം വിരുന്നൊന്നു വിത്തവാൻ ഗൃഹാധിപൻ ;

ഓരോരോ കാര്യത്തിങ്കലുള്ളന്നിത്തിട്ടക്കത്തിൽ-
ച്ചാരവേ ചരിക്കുന്നു സർവ്വരും തൽസേവകർ.

തക്കമാണതെന്നോർത്തു മച്ചകം പൊളിച്ചൊരാൾ
കക്കുവാൻ കടക്കുന്നു കന്നക്കോൽ കൈയിൽപ്പേറി ;

മേശയും കസേരയും കട്ടിലും തട്ടിത്തട-
ഞ്ഞാശവിട്ടവൻ നില്പാണൊന്നും ലഭിക്കാതെ.

താഴെയോ ദീപജ്യോതിസ്സൊന്നിനൊന്നേറീടുന്നു ;
വീഴും താനിറങ്ങിയാൽത്തൻശവക്കുഴിക്കുള്ളിൽ.

പത്മവ്യൂഹാന്തഃസ്ഥനാമന്നിശാചരന്നേതും
ഛത്മകൈക്കൊണിപ്പീല പിന്നോട്ടു പോരാൻ മാർഗ്ഗം.

II

ഒച്ചയെന്തതെന്നോർത്തു കോണിതന്നററത്തേറി
നിശ്ചയം വരുത്തിനാൻ ഗൂഢമായ് ഗൃഹസ്വാമി.

ദൂരത്തങ്ങൊരേടത്തു കാണ്മതുണ്ടേതോ രൂപം
ക്രൂരികൾക്കുമ്പാരമോ കട്ടിച്ചാത്തനോ മററോ.



Digitized By Kerala Sahitya Akademi

നീടൊളിക്കണ്‍തീപ്പന്തം കത്തിച്ചു മുന്നോട്ടേയ്ക്കു
ചാടുവാന്‍ പിന്‍കാലൂന്നി നില്‍ക്കയോ കരിമ്പുലി ?

അല്ലല്ല, കീല്‍ തന്നിരുമ്പംഗത്തിലെങ്ങും തേച്ചു
മെല്ലെയങ്ങണഞ്ഞൊരച്ചുങ്ങാതി കള്ളന്‍—കള്ളന്‍.

ആട്ടെയെന്നുടന്‍ തന്നെ താഴത്തേക്കിറങ്ങിത്തന്‍
പാട്ടില്‍ വന്നെത്തും രണ്ടു ഭൃത്യരോടേതോ ചൊന്നാന്‍.

ധ്യാനനിഷ്ഠനേപ്പോലെ വാണൊരമ്മോഷ്ടാവിന്നോ
കാണുവാന്‍ കഴിഞ്ഞീല കല്യനാമദ്ദേഹത്തെ.

III

ആ രണ്ടു ഭൃത്യന്മാരും "സ്വാഗതം ഭവാ"നെന്നു
ചോരനോടോതിത്താഴെയാനയിച്ചുദ്ദൃഷ്ടനെ

സ്വച്ഛവാരി കുളിപ്പിച്ചു കോടിമുണ്ടുടുപ്പിച്ചു
മെച്ചമായലങ്കരിച്ചർഹണാർഹനായ്ത്തീർത്താര്‍.

തല്ലുകൊള്ളാനും പക്ഷേ ചാവാനും തയ്യാറായ
കള്ളനക്കൈങ്കര്യത്തില്‍ക്കാപട്യമത്രേ കണ്ടു.

"തെക്കേതില്‍ച്ചാമുണ്ഡിക്കീ രാത്രിയില്‍ത്താനോ ബലി ?
ചിക്കെന്നദ്ദേവിക്കെന്റെ ദേഹംതാനാഹാരമോ ?

കാലമായ്കൊലച്ചെത്തിമാലയെന്‍ കഴുത്തിങ്കല്‍
വീഴുവാന്‍; ഞാനിന്നയ്യോ ! രണ്ടുകാല്‍മരപ്പെട്ടി !"

ആയവന്‍ ദുസ്സ്വപ്നമൊന്നിമ്മട്ടില്‍ക്കണ്ടങ്ങുതന്‍—
ഛായതന്‍ ഛായയ്യ്ക്കൊപ്പം കശ്ിതാംഗനായ്നിന്നാന്‍.



Digitized By Kerala Sahitya Akademi

## IV

കാണുന്നുണ്ടവൻ മുന്നിൽക്കാളിതൻ കരാളമാം
കായത്തെ ; കനൽക്കട്ടയ്യൊത്തിട്ടും വട്ടക്കണ്ണും,
ദീർഘമാ, യരാളമായ്, ശോണമായ്, ശിതാഗ്രമായ്
വായ്ക്കുന്ന വീരപ്പല്ലും, വ്യാത്തമാം വായും പേറി,
അന്ത്രത്താൽ മാല്യം ചൂടി, യാമിഷം ചീന്തിച്ചവ-
ച്ചന്തമററസൃക്പങ്കമംഗലത്തിലെങ്ങും പൂശി,
അസ്ഥികൊണ്ടലങ്കരി, ച്ചത്യന്തരൗദ്രത്വത്തിൽ
വർത്തിപ്പൂ തന്നെത്തിന്മാൻ സജ്ജയായദ്ദുർമ്മൂർത്തി.
വ്യാഘ്രിതൻ മുന്നിൽപ്പെട്ടും മാൻകിടാവിനെപ്പോലെ-
യാക്കൊട്ടും കോട്ടത്തിങ്കൽ നിൽപ്പൂ താൻ മൃതപ്രായൻ.
വീണിടാറായി വന്നു വീറെഴും പൂജാരിതൻ-
ശാണാഘർഷണം ചെയ്ത ഖഡ്ഗം തൻ കണ്ഠത്തിങ്കൽ.

## V

നൂററിരണ്ടമത്രങ്ങൾ വച്ചതാം തളത്തിങ്കൽ
മാററിയെ പ്രവേശിപ്പിച്ചപ്പുറം മാറീ ഭൃത്യർ.
നൂറുപേരാഗന്തുക്കൾ ; നിസ്തുലം തദഗ്രത്തിൽ-
ച്ചോരനെസ്സമാസീനനാക്കിനാൻ ഗൃഹേശ്വരൻ.
താനും തത്സമീപത്തിൽ ഭോജനം ചെയ്തുംകൊണ്ട-
ദ്ദീനനെത്തന്നാലാമ്മട്ടൂട്ടുവാൻ പണിപ്പെട്ടാൻ.



Digitized By Kerala Sahitya Akademi

“എന്നെയിക്കൊലച്ചേരാവ തിരിച്ചു വേണം കൊല്ലാ—
നെന്നാവാം ചട”ങ്ങെന്നു ചിന്തിച്ചാൻ പടച്ചരൻ.

ഭക്ഷിക്കു മുറയ്ക്കു”ന്നു ചൊല്ലുന്നു വിശ, “പ്പെണ്ണു
ഭക്ഷണം ശവത്തി”നെന്നോതുന്നു മൃതിത്രാസം.

ഹ്രാസം തെല്ലുണ്ടാനന്ത്യമാണതെന്നോക്കെത്തപ്പു-
സീസത്തിൻ മട്ടിൽപ്പ്രായം ബാഷ്പത്തിൽക്കുഴച്ചവൻ.

VI

“ഇദ്ദേഹമാ”രെന്നിഷ്ടർ ചോദിക്കെച്ചൊന്നാൻ “പൂജ്യ-
നിദ്ദേഹം വിദേശിയാമെൻ സഖാ”വെന്നഗ്ഗൃഹി.

“ഇദ്ദേഹമെന്തിന്നിത്ര ഖേദിപ്പൂ ?”—“ദുദ്യോഗത്തിൽ
സത്തുക്കളൊരുംതന്നെ സാന്ത്വനം നല്കായ്കയാൽ.”

“ഹാ ! സഖേ, ഭവാനിത്ര മുഗ്ദ്ധനോ ? മനുഷ്യന്നു
ഹാസഭാജനം മാത്രമാപന്നൻ തത്സോദരൻ.

“ദൈവമുണ്ടാശ്വാസത്തി” നെന്നവർ ചൊന്നാർ “എന്തു?
ദൈവമോ ? തന്നിക്കുമാ വ്യക്തിക്കുമുണ്ടോ ബന്ധം ?”

എന്നവൻ നിരൂപിക്കെസ്സൽകാരം സമാപ്തമായ്;
വന്നവർ തിരിച്ചു തൽഗേഹങ്ങൾ നോക്കിപ്പോയാർ.

നില്ക്കുന്നു ചോരൻ മാത്രമാതിഥേയൻതന്മുന്നിൽ
ദുഃഖിച്ചു വക്ത്രം താഴ്ത്തിസ്തബ്ധനായ്, സന്ത്രസ്തനായ്.



Digitized By Kerala Sahitya Akademi

## VII

ഓതിനാൻ ഗൃഹാധീശൻ "ഭ്രാതാവേ, ഭവാനെന്തി-
ബ്ഭീതി ? ഞാനങ്ങേബ്ബന്ധു; വിശ്വസിച്ചിടാമെന്നെ.

ഞാനറിഞ്ഞീടുന്നുണ്ടു ചെയ്യുമെന്നങ്ങേ വൃത്തി ;
ന്യൂനമില്ലെനിക്കതോർത്തുമേ വെറുപ്പുള്ളിൽ.

ചോരനായ് ജനിപ്പിച്ചില്ലങ്ങയെദ്ദൈവം ; വന്നു
ചോരത്വം ലോകത്തിന്റെ നീതിതൻ വൈകല്യത്താൽ.

കർമ്മത്തിൽ ഭവാനിന്നു വന്നപോയ് കറുപ്പതിൻ
മർമ്മം ഞാനോർപ്പ്പോളവ്വം ജാഠരാഗ്നിതൻ ധൂമം.

ആരുതാനന്നത്തന്റെ ചേഷ്ടിതം കാട്ടുന്നീല
ദാരിദ്ര്യദുർഭ്രതത്തിന്നാവേശം വിജൃംഭിച്ചാൽ ?

ആരുതാൻ നിദ്രാശ്ലേഷം നല്കിടും ഗൃഹംവിട്ടു
പാറാവു തേടും ഹന്ത ! ജീവികാന്തരം വാച്ചാൽ ?

## VIII

അങ്ങേയ്ക്കും കുഡുംബമീരാജ്യമാ,ണിതിൽ സത്യ-
മങ്ങേയ്ക്കുമാളോഹരിസ്വത്തിനുണ്ടവകാശം

അങ്ങേയ്ക്കുമില്ലേ വായും വയറും ? പുലർത്തുവാ-
നങ്ങേയ്ക്കുമുണ്ടാവില്ലേ ഭാര്യയും കിടാങ്ങളും ?

മോഷണം തുടങ്ങുന്നു മാനുഷൻ ദൌർഗ്ഗത്യത്തിൽ ;
മോഷകൻ ജെയ്‌വിൽപ്പെട്ടാൽ ധന്യമ്മന്യമായ്-

[ഷ് ടം.



Digitized By Kerala Sahitya Akademi

കക്കുന്നു വീണ്ടും കള്ളൻ ; കള്ളനെത്തള്ളിപ്പിട്ടു
വയ്ക്കുന്ന രാഷ്ട്രം വീണ്ടും വാശിയാൽത്തുറുങ്കിങ്കൽ.

തള്ളുന്നൂ ചെടിത്തലപ്പല്ലല്പം നഖാഗ്രത്താൽ ;
കൊള്ളുന്നീലെങ്ങും ചെന്നു കോടാലി തായ്‌വേരിങ്കൽ.

ചോരനെച്ചെറുയ്യച്ചേററിലാഴ്ത്തുന്നു സക്കാർ മുററം ;
പൌരനാക്കിയാലല്ലീ ഭാവുകം നാട്ടിന്നുള്ളൂ ?

## IX

"ആരെയാരാക്ഷേപിക്കാനർഹനിജ്ജഗത്തിങ്ക-
ലാരുതാനാരായ്ത്തീരില്ലന്തികം മറെറാന്നായാൽ ?

സൂരന്മുള്ളേടത്തോളം സ്വർണ്ണഗോളമിബ്ഭൂമി ;
ക്രൂരിരുൾക്കൂട്ടിൽപ്പെട്ടാൽ തൽക്ഷണം കാലാംഗാരം.

ഞാനങ്ങേദ്ദുശാസന്ധി വന്നുചേരുകിൽപ്പേത്തും
സ്തേനനാവില്ലെന്നാക്കു ദീർഘദർശനം ചെയ്യാം ?

കന്നക്കോലിതിൻ മൂല്യമായി ഞാൻ കുറേ രൂപ
തന്നിടാം,മത്തുംകൊണ്ടു വീട്ടിൽപ്പോയ് സഖേ, ഭവാൻ

വല്ലതും വ്യാപാരമൊന്നാരംഭിക്കുവാൻ നോക്കൂ ;
നല്ലതാം വഴിക്കൊന്നു കാലെടുത്തുന്നാനോർക്കൂ.

ഘോരമാം ധ്വാന്തത്തിങ്കലങ്ങേയ്ക്കു തെല്ലീ രൂപ്യ-
താരങ്ങൾ കാണിക്കട്ടേ സന്മാർഗ്ഗം സഹോദര."



Digitized By Kerala Sahitya Akademi

## X

കാണ്മതൊക്കയും കൊലച്ചെത്തിമാലയെന്നോർത്ത
ജാല്മനാവാക്യം കേട്ടാൻ, സൂനൃതം, ശ്രോത്രാമൃതം;
ആസ്യമൊട്ടയത്തിത്തന്നാതിഥേയനെപ്പാർത്താൻ ;
വാത്സല്യരമ്യംതാനബ്ഭാഷിതം പ്രത്യക്ഷരം.
മന്നിലോ താൻ നില്പതെന്നല്പമൊന്നന്ധാളിച്ചാൻ ;
മന്നിലും വിണ്ണുണ്ടെന്നു തേറിനാൻ പിറേറക്ഷണം.
സ്നേഹമാം ശബ്ദത്തിന്നുമർത്ഥമുള്ളതായ്ക്കണ്ടാൻ ;
മോഹം വിട്ടക്കാഴ്ചയാൽ മോദാശ്രു വാർത്താൻ മേന്മേൽ.
ആ വിധത്തിലും മർത്ത്യസൃഷ്ടിക്കു കോപ്പുള്ളോരു
ദൈവത്തെസ്സാശ്ചര്യമന്നാദ്യമായ് സ്തോത്രം ചെയ്താൻ.;
കണ്ഠത്തിൽ വാക്കിൻ രോധം വായ്ക്കയാൽ നിന്നാൻ മൂകം
കണ്ഠനായ്കൃതജ്ഞതാമാംഗ്യത്താൽ മാത്രം കാട്ടി.

## XI

ചൊല്ലിനാൻ പ്രത്യുത്തരം : "സ്വാമിൻ, ഞാൻ മഹാപാ
യല്ലിലും കരുത്തതാണെൻ മനം ഹതസ്നേഹം. [പി-
ഭൂവിൽ ഞാൻ സമസ്തക്കും ദ്രോഹമേ ചെയ്തിട്ടുള്ളു ;
ദേവതാഗാരങ്ങളിൽക്കൊള്ളയ്ക്കേ കേറീട്ടുള്ളു.
എത്രയോ വർഷങ്ങളായ് ലോകവും ഞാനും തമ്മിൽ
ശത്രുക്കളായി,പ്പൊല്ലീസ് വേട്ടയ്ക്കു ലാക്കായി ഞാൻ.



Digitized By Kerala Sahitya Akademi

എന്നെയും മനുഷ്യനെന്നോർത്തല്ലോ മഹാത്മാവ,-
ങ്ങെന്നെയും സോദര്യനായ് കൈക്കൊൾവാനുറച്ചല്ലോ.

കാരുണ്യമാർന്നങ്ങേകി കണ്ടമാത്രയിൽ സ്മിതം
ക്ഷീരമായ്, വെള്ളിക്കാശായ്, ഹാരമായ്, നിലാവുമാ

ആയിരം ജന്മം മരിച്ചഗ്നിശുദ്ധനായ് വേണം [യ്.
ഗേയമാമങ്ങേപ്പേരെൻ നാവാൽ ഞാൻ സ്പർശിക്കുവാൻ.

## XII

"എത്രയോ കാലം കിടന്നീടിനേൻ തുറുങ്കിൽ ഞാൻ,
മർത്ത്യന്നു മർത്ത്യൻ തീർക്കും നാരകക്കൊട്ടംകണ്ടിൽ ;

എങ്കിലും മനുഷ്യർതൻ നൈഷ്ഠുര്യം കാൺകെക്കാൺ
ശ്ശങ്കവിട്ടതും സ്വർഗ്ഗമെന്നതാൻ സങ്കല്പിച്ചേൻ. [കെ-

മുന്നിലുണ്ടിരുമ്പഴിഗ്ഗാട്ടുകാരെന്നെക്കാക്കാൻ ;
സന്നദ്ധം ലൂതാഗണം മേലാപ്പു കെട്ടിത്തൂക്കാൻ ;

ധൂളിമെത്തയുണ്ടെനിക്കങ്ങെങ്ങും കിടക്കുവാൻ ;
മേളത്തിലാമങ്ങളും രാഗങ്ങളാലാപിപ്പാൻ:

മൂട്ടയും ചെള്ളും വരും ചുംബിക്കാൻ ; തത്സൗഹാർദ്ദം
കാട്ടുവാൻ മററമ്മിണ്ടാപ്രാണികൾക്കുണ്ടോ മാർഗ്ഗം ?

ശീലിച്ചു ശീലിച്ചെനിക്കൊരാഗ്രഹം തോന്നീ
കോലകം താനെ,ന്നെന്റെ ജെയ്‌ലതിൻ ബഹിർലോ
[കം.



Digitized By Kerala Sahitya Akademi

## XIII

"നേർവഴിക്കാരും തന്നെ സഞ്ചരിപ്പിച്ചീലെന്നെ-
കേവലം മോഷ്ടാക്കൾതാൻ ബാല്യത്തിലെന്നാചാര്യർ.

ആദിത്യചന്ദ്രന്മാരെന്നാഹാരപ്രത്യൂഹങ്ങ-
ളേതുമട്ടക്കൂട്ടരെദ്ദർശിക്കാനിച്ഛിക്കും ഞാൻ ?

നൂനമെൻ ഗുഹയ്ക്കുള്ളിൽപ്പോക്കിടും പകൽക്കാലം ;
കാണുകിൽ തല്ലിപ്പൊല്ലീസ്സല്ലോടിച്ചല്ലീ വിട്ടു ?

വൻകാറും പേമാരിയും കാംക്ഷിക്കും രാവിങ്കൽ ഞാ,-
നെൻകൃഷിപ്രവൃത്തിക്കുമാരണ്ടുമപ്പോൾ വേണം.

കുററാക്കുററിരുട്ടൊന്നു മാത്രമേ കൂട്ടിന്നുള്ളൂ ;
മുററും ഞാനതിൽത്തത്തുമങ്ങിങ്ങു മൂങ്ങയ്ക്കൊപ്പം.

വല്ലവീട്ടിലും പുക്കെൻ ചൂതാട്ടം നടത്തിടും ;
വെല്ലുകിൽ ധനം ; തോല്ക്കിൽപ്പിന്നെയും കാരാഗൃഹം.

## XIV

"കാണുന്ന ബാല്യത്തിലേ ലോകമിമ്മട്ടിൽത്തന്നു
ഞാനടിച്ചതാം വിലങ്ങിന്നുമെൻ ശരീരത്തിൽ.

ആ വിലങ്ങറുത്തെന്നെയാത്മതന്ത്രനായ്ത്തീക്കാൻ
കേവലം കൃതാന്തന്റെ പാണിക്കേ കെല്പുണ്ടാകൂ.

സ്നേഹത്തിൻ സ്വാദെന്തെന്നു ഞാനറിഞ്ഞിട്ടി,ല്ലെനി-
ക്കൈഹികത്തിലും കാമ്യമല്ലയോ പാരത്രികം ?



Digitized By Kerala Sahitya Akademi

അന്ധതാമിസ്രത്തിങ്കൽ ജീവിതം ശീലിച്ചോനെ-
ന്തന്ധതാമിസ്രം വീണ്ടും ഗേഹമായ്ത്തീർന്നാൽ ഭയം ?

ഓരോന്നു ഞാനിമ്മട്ടിലോർത്തോർത്തു പോക്കീ കാല-
മാരുമെന്നരാതിയാ,യാക്കും ഞാൻ വിരോധിയായ്.

ഒററവാക്കൊരാൾ കനിഞ്ഞോതുവാനിരുന്നെങ്കിൽ
മറെറാന്നായ് ഭവിച്ചേനേ മാമകം യാത്രാമാർഗ്ഗം.

## XV

പൂജനീയനാമങ്ങേപ്പൂതമാം വാക്കാൽ വന്നു
മോചനം, മീളാത്തൊരെൻ ശാപത്തിന്നിന്നേട്ടിനം.

വിശ്വവും ഹരിക്കുന്നോരെന്മനം ഹരിച്ചല്ലോ
പശ്യതോഹരപ്രഭോ, ഭാവൽക്കം ദിവ്യാപാംഗം.

ന്യൂനമെൻ ഹൃത്താം ദ്യോവിൽ വാച്ചതാമിരുൾക്കൊണ്ട-
ലാനന്ദബാഷ്പാകാരമാന്നൊലിച്ചകന്നു പോയ്.

ശിഷ്ടനാം സതീർത്ഥ്യന്റെ ദാരിദ്ര്യം തീർത്താൻ പോലും
വിഷ്ടപേശ്വരൻ രമാകാന്തനാം കൃഷ്ണൻ മുന്നം.

അജ്ഞാതൻ, പെരുങ്കള്ളൻ, നീചനാമെനിക്കേകീ
വിജ്ഞനാം ഭവാനിന്നു വിത്തത്താൽ പുനർജന്മം.

എന്നെയും നാല്വർക്കൊപ്പമാക്കുന്നു ഭവാ,നെന്റെ
കന്നക്കോൽ തനിത്തങ്കയഷ്ടിയായ് മാററീടുന്നു."



Digitized By Kerala Sahitya Akademi

## XVI

എന്നോരോന്നുരച്ചു തൻ പാദത്തിൽപ്പതിക്കുന്ന
    ഖിന്നനാമാഗന്തുവോടോതിനാനപ്പുണ്യവാൻ
"ഉത്ഥാനം ചെയ്യൂ സഖേ, ശേഷിപ്പോരായുസ്സുകൊ-
    ണ്ടെത്താത്തതാവില്ലേതും നവ്യമാം ഭവല്ലക്ഷ്യം.
ശുദ്ധമാമിബ്ബാഷ്പത്തിൻ സേകത്താൽ ജനിക്കട്ടെ
    പുത്തനാം കല്പദ്രുവൊന്നുർവ്വിയിൽ സാന്ദ്രച്ഛായം.
ഇന്നുതാൻ കൃതാർത്ഥമായ്ത്തീർന്നിതെൻ ജന്മം മററു-
    മിന്നുതാൻ സാഫല്യമെൻ വിത്തത്തിന്നുൽഭൂതമായ്.
എന്നുരച്ചെട്ടത്തണച്ചാശ്ലേഷിച്ചാശിസ്സോതി-
    ക്കന്നക്കോൽ വാങ്ങിച്ചുകൊണ്ടായതിൻ മൂല്യാർത്ഥമായ്
ജാലികപ്പയ്യൊന്നേകി യാത്രയാക്കിനാൻ സാധു-
    ശീലനാമദ്ദേഹത്തെശ്ലിഷ്ടനാം ഗൃഹാശ്രമി.



Digitized By Kerala Sahitya Akademi

# സ്വപ്നവും ജീവിതവും

എണ്ണമററുള്ള കിനാക്കൾ കാണ്മു
കണ്ണടച്ചൊട്ടുമയങ്ങിയാൽ നാം.
ബന്ധമില്ലൊന്നിനു,മെങ്ങുനിന്നോ
പൊന്തുന്നുവ,ന്നവ പോയിടുന്നു,

വാനത്തിലോരോ മുകിൽ കണക്കേ,
വാരിയിലോരോ കുമിളപോലെ.
പേക്കിനാവാണതിൽ മിക്കവാറും ;
പേടിച്ചുപോമത്തു കാൺകിലാരും.

നല്ലതുമങ്ങിങ്ങു വല്ലപ്പോഴു-
മില്ലെന്നു വെയ്ക്കേണ്ട ; വന്നുചേരും,
ചണ്ടിലൊളിഞ്ഞൊരു നെല്ലുപോലെ,
കൊണ്ടലിൽപ്പെട്ടൊരു മിന്നൽ പോലെ.

ചീത്തയോ നല്ലതോ— രണ്ടുമൊപ്പം
മാത്രയിടകൊണ്ടു മാഞ്ഞിടുന്നു ;
കണ്മിഴിച്ചീടുമ്പോളൊന്നുപോലും
നമ്മുടെ വെട്ടത്തു നില്ക്കുന്നീല.

ആര്യ ! തുലഞ്ഞല്ലോ ശല്യമെന്നോ-
ർത്താവതും നാമപ്പോളാശ്വസിപ്പൂ.



Digitized By Kerala Sahitya Akademi

ദുസ്സ്വപ്നം കൊണ്ടൊരു ദുഃഖമില്ല ;
സൽസ്വപ്നം കൊണ്ടൊരു സൌഖ്യമില്ല

രണ്ടിനും നമ്മളെത്തൊട്ടുകൂടാ ;
രണ്ടും നമുക്കൊരു തോന്നൽ മാത്രം.

പിച്ചിനാൽ സത്യമെന്നോർത്തുപോയ് നാ-
മച്ചലച്ചിത്രമൊരല്പനേരം.

ധൂമത്തെക്കണ്ടു കരിങ്കൽത്തൂണായ് ;
തൂമഞ്ഞുതുള്ളിയെ വൈരക്കല്ലായ് ;

ലജ്ജിച്ചു പോവതിലെന്തു കുററ-
മച്ചതിയങ്ങനെ പററവേ നാം ? (28)

## II

ഏവക്കു തക്കിക്കാം ?—നമ്മുടെയി-
ജ്ജീവിതവും വെറും സ്വപ്നമല്ലീ ?

കണ്ണടയ്ക്കുമ്പൊഴതക്കിനാവും,
കൺതുറക്കുമ്പൊഴിതിക്കിനാവും,

ഏലുന്നു ; ചെററതിൽനിന്നിതിന്നു
നീള, മതല്ലാതെ ഭേദമുണ്ടോ ?

നീളവുമെന്തോ,ന്നീബ്ഭിന്ദു രണ്ടും
കാലപ്രവാഹത്തിൽത്തുല്യകല്പം.



Digitized By Kerala Sahitya Akademi

പണ്ടവും, വീടും, പുരയിടവും,
   കണ്ടവും, ഭാര്യയും, കുട്ടികളും,—

നമ്മുടേതെന്നു നാമോർത്തിരിക്കു-
   മിമ്മട്ടിലുള്ളൊരു വസ്തുവെല്ലാം,

കാലമാം കൺകെട്ടുകാരൻ കാട്ടും
   ജാലമല്ലെന്നാക്കു തീർത്തുരയ്ക്കാം ?

കൂടുന്നു വന്നിവയെങ്ങുനിന്നോ ?
   തേടുന്നു പെട്ടെന്നു മറെറാരേടം.

നമ്മുടെയാണിവയെന്നിരുന്നാൽ
   നമ്മെ വെടിഞ്ഞവയെങ്ങു മാറാം ?

കിട്ടാഞ്ഞാൽക്കിട്ടിയില്ലെന്നു ദുഃഖം;
   കിട്ടിയാൽ വേർപെടുമെന്നു ദുഃഖം ;

ദുഃഖമോ ദുഃഖം ; സുഖവുമോർത്താൽ
   ദുഃഖത്തിൻ പര്യായം ജീവിതത്തിൽ.

ആപത്തെന്നോർത്തു കരഞ്ഞിടുന്നു ;
   സമ്പത്തെന്നോർത്തു ചിരിച്ചിടുന്നു ;

വാസ്തവമെന്തെന്നറിഞ്ഞിടാതെ
   ഗോഷ്ടികൾ കാട്ടുന്നു ബാലർപോലെ.

തത്വക്കം മനസ്സുമല്ലോക്കിൽ ദേഹി ;
   തൊണ്ടും ചിരട്ടയുമല്ല കേരം.





Digitized By Kerala Sahitya Akademi

എന്നുമുള്ളോരതിന്നില്ലതെല്ലും
ദ്വന്ദ്വത്തിനാലൊരു ഭാവഭേദം.

കെട്ടിപ്പുണരൽ കൊണ്ടില്ല മോദം ;
വെട്ടിമുറിക്കൽ കൊണ്ടില്ല ഖേദം.

നാടകം ജീവിത, മങ്ങൊരന്ത-
ന്നാടകമന്നന്നു കാണും സ്വപ്നം.

എന്നുന്നു സത്യമായ് സ്വപ്നമാരും
കണ്ണുതുറക്കും വരയ്ക്കുമാത്രം ;
എന്നുന്നു സത്യാമയ് ജീവിതവും
കണ്ണുള്ളിൽ ചെല്ലും വരയ്ക്കുമാത്രം.

ആക്കള്ളിയൊന്നു നാം കാണ്മാതെന്നോ
ജാഗ്രൽസ്ഥിതി നമുക്കന്നു നേടാം. 68



Digitized By Kerala Sahitya Akademi

# പനിനീർപ്പൂവ്

ഞാനൊരു മാൺപെഴും ചെമ്പനീർപ്പൂവിനെ-
ക്കാണവേ ചോദിച്ചേനിപ്രകാരം

"പുഞ്ചിരിക്കൊള്ളുന്നതെന്തിന്നു പൂവേ, നീ ?
നിൻചെറുജീവിതമെത്ര മോശം !

മാണിക്കക്കല്ലോ നീ ? ബാലാർക്കബിംബമോ ?
ശോണമാം ദുർഗ്ഗതൻ വിഗ്രഹമോ ?

യാതൊന്നുമല്ലല്ലോ ! പിന്നെയെന്തിങ്ങനെ
മോദിപ്പാൻ ഹേതു ? നിൻ മുഗ്ദ്ധതയോ ?

പാഴുററ മണ്ണിൽനീ വീഴുവാൻ പോകുന്നു
താഴത്തു നാളെയെന്നോർമ്മയില്ലേ ?

നീയിത്തരത്തിലിന്നാടി ഞെളിയുവാൻ
ന്യായമെന്തെന്നെന്നോടോതിടാമോ ?

II

ഓതിയില്ലുത്തരമൊന്നുമച്ചോദ്യത്തി-
ന്നാതങ്കമേശാത്തൊരാപ്രസൂനം.

എൻതെററു കാട്ടുവാൻ മേന്മേൽ വിലങ്ങനെ-
ത്തൻതലയാട്ടുക മാത്രം ചെയ്തു.

എന്തതിൻ താൽപര്യമെന്നു ഞാൻ ചിന്തിച്ചേൻ ;
ബന്ധം മനസ്സിലായല്പമപ്പോൾ.'



Digitized By Kerala Sahitya Akademi

## പനിനീർപ്പൂവ്

തെററന്നു വീണ്ടുമപ്പൂവിനോടോതിനേൻ:
"തെററിപ്പോയ് ഞാനൊരു ബുദ്ധിഹീനൻ.
നിന്നുടെ ജീവിതം മോശമെന്നല്ലീ ഞാൻ
ചൊന്നതെന്നോമനേ ? മാപ്പുനല്ക്ക !
പൂക്കളേ, പൂക്കളേ, പാരിതിൽ നിങ്ങൾക്കു
പാക്കുകിലെന്തൊന്നു മീതേ ചൊല്‌വാൻ ?
ഏതൊരു പാഴ്മണൽക്കാട്ടുതാൻ നിങ്ങളാൽ-
പ്പൂതമാം നന്ദനമാകുന്നീല !
ഏതൊരു മാലിൽത്താൻ മർത്ത്യക്കു നിങ്ങളാൽ
സ്ഫീതമാമാനന്ദം വായ്ക്കുന്നീല !
മുററത്തു നിങ്ങൾക്കു കോലകത്തിങ്കലും
ചെററപ്പുരയിലുമുല്ലസിക്കാം.
ആരെയുമസ്‌പൃശ്യരാക്കുകയില്ലെന്ന-
ല്ലാരിലും പുഞ്ചിരി തൂകും താനും.
അശ്മമാം ചിത്തവും നിങ്ങളെക്കാണുമ്പോ-
ളശ്രമം നിങ്ങളെപ്പോലെയാകും.
പാടുന്ന വണ്ടുകൾക്കൊപ്പമായ്ത്തെന്നലി-
ലാടുന്ന നിങ്ങളെയാർ മറക്കും ?
ഘ്രാണേന്ദ്രിയത്തിന്നു സാഫല്യം നേടുന്നു
മാനവർ നിങ്ങൾതന്നന്തികത്തിൽ.
തൻനറുംതേൻ നിങ്ങളേകുന്നു ലോകത്തി
ന്നന്നപൂർണ്ണേശ്വരിമാർ കണക്കേ



Digitized By Kerala Sahitya Akademi

പാണിയാൽ സ്പർശിച്ചാലെന്തൊരു മാർദ്ദവം !
വേണിയിൽച്ചൂടിയാലെന്തു ഭംഗി !

ദേവനെപ്പൂജിക്കാം ; വീരനെച്ചാർത്തിക്കാം ;
പാവത്തിൻ മൌലിക്കും ഭൂഷയാക്കാം.

കല്യാണകർമ്മത്തിന്നാവശ്യമേവക്കും
കല്യാണധാമങ്ങളായ നിങ്ങൾ.

മന്നിനീ മാഹാത്മ്യം നല്കുന്ന നിങ്ങളോ
വിണ്ണിലേപ്പൈതങ്ങൾ ? ആരറിഞ്ഞു ?

അത്രയ്ക്കു നന്മകൾ കാണ്മൂ ഞാൻ നിങ്ങളിൽ,
സിദ്ധക്കർമീമന്നിൽ ദുഷ്പ്രാപങ്ങൾ.

നിങ്ങളാം കാവ്യങ്ങൾ മൂലമായ്ക്കാണ്മൂ ഞാ-
നങ്ങെഴുമാനന്ദപാരമ്യത്തെ.

നിങ്ങളില്ലാത്തൊരു മേദിനിയെങ്ങനെ
മംഗലമുൾക്കൊള്ളും ? മാൺപു പൂണും ?

ആ മഹാവിഷ്ണുവിൻ പ്രേയസിക്കെങ്ങനെ
പൂമകളെന്നൊരു പേരു വന്നു ?

ആ വൻപൻ ശൃംഗാരയോനിയെയങ്ങെനെ
പൂവമ്പനെന്നാരും വാഴ്ത്തിടുന്നു ?

പൂക്കളേ, പൂക്കളേ, നിങ്ങൾക്കെൻകൂപ്പുകൈ
പാക്കുകിൽ നിങ്ങളെൻ ദേവതമാർ. (60)



Digitized By Kerala Sahitya Akademi

## III

പുഞ്ചിരിക്കൊള്ളുക ചെമ്പനിനീർപ്പൂവേ,
പുഞ്ചിരിക്കൊള്ളുവാനേഹം താൻ നീ—
ആനന്ദരൂപൻതൻ വൈഭവമോർത്താലും,
മാനവൻതൻ മൌഢ്യം ചിന്തിച്ചാലും.
താഴത്തു നാളെ നീ താങ്ങൊന്നുമെന്നിയേ
വീഴുമെന്നോതിയോ വിഡ്ഢിയാം ഞാൻ ?
കാലത്തിൻ പാച്ചിലിലേതുണ്ടു വീഴാതെ
നാളെയോ നാലഞ്ചു നാൾ കഴിഞ്ഞോ ?
ഇന്നു നീ മിന്നുന്നുണ്ടെന്നതു പോരയോ
സുന്ദര,മേവർക്കും സ്തോത്രപാത്രം ?
വായുവിൽപ്പാട്ടു ലയിച്ചുപോമെന്നോർത്തു
വായടച്ചീടുന്നോ വാനംപാടി ?
വന്നിടും പെട്ടെന്നു തന്നന്തമെന്നോർത്തു
മിന്നാതിരിക്കുന്നോ മിന്നലെങ്ങാൻ ?
തീരും തൻജീവിതമെന്നോർത്തു നില്ക്കുന്നോ
മാരിപൊഴിക്കാതെ കാളമേഘം ?
പാഥസ്സിൽ വീഴണമന്തിയിലെന്നോർത്തു
പാതയിൽത്തങ്ങുന്നോ ഭാനുദേവൻ ?
എന്നോ പുഴയിലിറങ്ങുവാൻ മുണ്ടു നാ-
മിന്നേ തെറുക്കണമെന്നതുണ്ടോ ?



Digitized By Kerala Sahitya Akademi

“ഏതു നിമേഷവുമീശ്വരൻ നല്കുന്ന
മോദിപ്പാൻ ജീവിക്ക—മോദമേകാൻ ;

ആയതു ജീവിതം ; അല്ലാത്തതൊക്കയു-
മാത്മവിനാശത്തിൻ രൂപഭേദം.

ആനനം വീർപ്പിച്ചു നാൾകഴിക്കൊല്ലേ നാ-
മാ നീരു കൊല്ലാതെ കൊല്ലും രോഗം.”

എന്നു നീയോതുന്നു നിന്നുടെ ചര്യയാൽ ;
നിൻനില കൈവന്നാൽ ധന്യനായ് ഞാൻ.

ഞാനൊരു കാല്പാന്തം പാറയായ് നില്ക്കേണ്ട ;
സൂനമായൊററനാൾ വാണാൽപ്പോരും,

എൻകുലഗുല്മത്തിൻ ദുർഗ്ഗുണകണ്ടക-
മെങ്കൽനിന്നാവതും താഴ്ത്തി നിർത്തി. (92)



Digitized By Kerala Sahitya Akademi

# ഫലിക്കാത്ത പ്രാൎത്ഥന.

ഉൽക്കടക്രോധം പൂണ്ടു മത്സരിച്ചായോധന-
  വ്യഗ്രരായ് രണ്ടുൎവ്വീശർ പൂകിനാരടക്കളം.

രണ്ടാനപ്പുറത്താണത്ത്ദ്ദേവർതന്നെഴുന്നള്ള-
  ത്തുണ്ടാകാം പെട്ടെന്നവൎക്കാററാട്ടും കീലാലത്തിൽ.

അങ്കത്തിൽ ജയിക്കാനോ ചാവാനോ സന്നദ്ധരായ്-
  സംഖ്യവിട്ടവർക്കുണ്ടു രണ്ടാൾക്കും ശസ്ത്രാജീവർ.

മിന്നുന്നു പടക്കൊടിക്കൂറകൾ ; മുഴങ്ങുന്നു
  ദുന്ദുഭിധ്വാനം ; തുള്ളിച്ചാടുന്നു തുരംഗങ്ങൾ.

പാട്ടിലായ്പ്പോയീ ലഗ്നം കാലൻെറ സത്രത്തിന്നു ;
  കൂട്ടിമുട്ടാറായ്പ്പോയീ കൊള്ളിമീൻ രണ്ടും തമ്മിൽ

സൂരനെക്കാണ്മാനില്ല മന്നിൽ നിന്നെഴും ധൂളി
  വാരിദവ്രാതംപോലെ വാനിടം മറയ്ക്കയാൽ ;

എങ്കിലും മദ്ധ്യാഹ്നമായെന്നോൎത്തു ഭൃഭൃത്തേകൻ -
  തൻ ഗജസ്കന്ധംവിട്ടു താഴത്തേക്കിറങ്ങിനാൻ,

അക്കമണ്ഡലത്തേയുമായതിൽ ശോഭിക്കുന്ന
  ചക്രപാണിയാം വിഷ്ണുതന്നെയും വന്ദിക്കുവാൻ.

അത്തക്കം കണ്ടാൻ മറേറ മന്നവൻ, മുന്നോട്ടേയ്ക്കു
  സത്വരം പായാൻ തൻെറ സൈന്യത്തോടാ-
    ജ്ഞാപിച്ചാൻ.



Digitized By Kerala Sahitya Akademi

സേതുഭഞ്ജനം ചെയ്ത സിന്ധുവിൻമട്ട,സ്സേന—
സാദിയും പദാതിയും-തൽക്ഷണം കതിച്ചേറി. (20)

## II

"എങ്ങുപോയസ്മൽസ്വാമി? എന്തുവാൻ വിപത്തയ്യോ?
തൻഗളം തദ്ദന്തിക ശൂന്യമായ്ക്കാണുന്നല്ലോ!
പെട്ടുവോ ദുർമ്മൃത്യുവിൻ വക്ത്രത്തിൽ? എന്നാൽപ്പിന്നെ-
ക്കഷ്ടമേ നാമാർക്കിനിക്കായത്തെ ത്യജിക്കണം?"

എന്നോർത്തു ശങ്കാഭീതിശോകങ്ങൾക്കധീനമായ്-
പ്പിന്നോട്ടേയ്ക്കൂടുകുന്നു നെട്ടോട്ടം മറ്റേസ്സൈന്യം.
"നില്ക്കുവിൻ! പ്രാർത്ഥിക്കുന്നു തമ്പുരാൻ താഴ"ത്തെന്നു
ചിക്കെന്നു ഗർജ്ജിക്കുന്നു സേനാനിയശ്വാരൂഢൻ.

ഏതുമേ ചെവിക്കൊൾവീലാവാക്യം ഹാഹാ! സേന;
വൈധവ്യം വന്നാൽ സ്ത്രീകൾ ബാഹ്യഭ്രൂവാസാർഹമോ?
സേനയോടൊപ്പം ദ്വിപശ്രേഷ്ഠനും വിരണ്ടോടി,
ദീനമാം തദ്രോദനം ദിക്കെണ്ണും ഭേദിക്കവേ.

എന്തി,നമ്പൊന്നെയ്യാതെ, കൈവാളൊന്നിളക്കാതെ-
യന്തകപ്രേഷ്യർക്കല്പം ഭാരവും നല്കീടാതെ,
പ്രാർത്ഥിക്കും രാജാവിനെബ്ബന്ദിയാക്കിനാൻ പാഞ്ഞു
ശാത്രവക്ഷ്മാധവൻ തൽക്ഷണം സൌകര്യത്തിൽ.

അത്രമേൽത്തിടുക്കമായ് പുല്കുവാൻ ജയശ്രീകൾ
രക്തചന്ദനം പൂശും മുൻപിൽത്തദ്വക്ഷസ്സിനെ.





Digitized By Kerala Sahitya Akademi

യുദ്ധത്തിൽച്ചിലൎക്കററമിത്രമായ് ത്തീരും സ്വീയ-
ശക്തിയ, ല്ലരാതിതൻ മൂഢത്വം താൽകാലികം. (40)

## III

ആ രാവിൽക്കിനാവൊന്നു കണ്ടാൻ പോൽ കല്യാണദം
കാരാഗാരാന്തഃസ്ഥനാം കാശ്യപീസംക്രന്ദനൻ.

"ധൂൎത്തനോ നൃശംസനോ ദൈവമേ! ഭവാൻ ? പേൎത്തും
പ്രാർത്ഥനാമദ്ധ്യത്തിലിബ് ഭക്തനെച്ചതിച്ചല്ലോ."

ഇമ്മട്ടിൽത്താൻ ചൊന്നതും, ബോധിച്ചാൻ തൽപ്രത്യു
[ക്തി,
കൺമുന്നിൽക്കാണായ്കിലും, കാർവൎണ്ണൻ കഥിച്ചതും.

"വത്സ, നിൻദോഷാരോപം യുക്തമല്ലല്ലോ; കേൾക്കു
മത്സമാചാരംകൂടി, ച്ചിന്തിക്കു പിന്നീടല്പം.

നിൻപെരുമ്പടക്കൂട്ടം പൊന്തിച്ച ധൂളികളിൽ
വൻപെഴം സഹസ്രാംശുമണ്ഡലം മറഞ്ഞുപോയ്;

ആയതിന്നകത്തായിപ്പോയ ഞാൻ നിന്നെക്കണ്ടീ-
ലായതാണപ്പോൾ വന്ന വൈഷമ്യ, മാക്കെന്തൊവു ?

കേൾക്കയുംചെയ്തീല നിൻ യാച്ഞ ഞാൻ; രണോ
വായ്ക്കുന്നകോലാഹലം വിട്ടതങ്ങയന്നീല. [ൎവ്വിയിൽ

ആനതൻ പുറത്തിരുന്നൎത്ഥിച്ചുവെന്നാൽപ്പക്ഷേ
ഞാനതൊന്നല്പം കേൾക്ക, മത്തപ്പം തെററിപ്പോയി.



Digitized By Kerala Sahitya Akademi

പോരുമായിരുന്നല്ലോ പോരുതിന്നവൃകൾക്കു-
ലാരജന്മസ്ഥാമം മഗ്നമായിട്ടു നിൻപ്രാർത്ഥനം.
എപ്പോൾ നീയിറങ്ങിയോ നിൻഗജസ്കന്ധത്തിൽനി-
ന്നപ്പോൾ നിൻ ഭവ്യം താഴെ വീണുപോയ് ; തകൎന്നു
പോയ്. (൭൦)

## IV

കേൾക്കായി വീണ്ടും നഭോവാണി: "ഒന്നോർക്കു സൌമ്യ;
പോർക്കളം താനോ ദേവപൂജയ്ക്കു പററും ക്ഷേത്രം ?
യുദ്ധത്തിൽ നേൎത്തീടുവാൻ പ്രത്യൎത്ഥി പാഞ്ഞെത്തുമ്പോൾ
ക്ഷത്രിയന്നായോധനംവിട്ടേത്തു സന്ധ്യോപാസ്തി ?
ചീൎത്തണഞ്ഞെതിൎത്തിടും ശാത്രവന്നെപ്പോൾ നില്പു
തീൎത്ഥവാരിതൻ ബിന്ദു വാൎദ്ധിയായ് പ്പുരോഭൂവിൽ ?
മേചലെഴും ഫലം നല്കും, പ്രാൎത്ഥനം നിസ്സംശയം
കാലദേശാവസ്ഥാനുരൂപമായനുഷ്ഠിച്ചാൽ.
എന്നെ വിശ്വസിച്ചീല നീ ; യതല്ലെന്നാൽ വീണ്ടു-
മന്നേരം പ്രാൎത്ഥിക്കാൻ ഞാനത്രമേൽ പ്രമത്തനോ ?
ധൎമ്മത്തിൻ വശത്തേ ഞാൻ നില്പുവെന്നറയ്ക്കാതെ-
യിമ്മട്ടിലെൻ സാഹായ്യം നേടുവാനോൎത്തല്ലോ നീ.
കൎത്തവ്യം സമസ്തവും ദൈവത്തിൻ തലയ്ക്കേററും
മുഢൻ ഹാ ! ജയശ്രീതൻ ദൃഷ്ടിയിൽ ക്ലീബോപമൻ.



Digitized By Kerala Sahitya Akademi

തീയിൽപ്പോയ് നിമജ്ജിച്ചു ; വെള്ളത്തിൽപ്പാകം ചെയ്തു;
 വായുവാൽ ഗ്രഹം തീർത്തു ; മൃത്തിനാൽ ശപിച്ചു നീ.

വീരരായ് വിക്രാന്തരായ്, വിശ്രുതന്മാരാമെത്ര
 പേരെ നീ രണോർവ്വിക്ക പിൻപുറം കാണ്മാൻ നിർത്തി!

സർവ്വാധിസരത്തോടും സംഗരത്തിന്നായെത്തി ;
 നിർവ്വാദം പക്ഷേ ബുദ്ധി ഗേഹത്തെക്കാക്കാൻ നിർത്തി ;

ആയതിൻ ഫലത്തെ നീ,യായുഷ്മൻ, ഭുജിക്കുന്നു ;
 കായട്ടെ നിന്നുള്ളല്പം കൈവരാൻ കാലജ്ഞാനം. "

ഏവമാണന്ത്യിദിവ്യോക്തി, യെന്തു ചെയ്തിടാം ? വാണു
 പാവമത്തുരുങ്കിങ്കൽപ്പശ്ചാത്താപാർത്തൻ ചിരം.



Digitized By Kerala Sahitya Akademi

# ഫലിച്ച പ്രാൎത്ഥന

ഏറെ നാളായൊരു നാട്ടിൽ ദൈവം-
മാരി പൊഴിക്കാതിരുന്നു.

തീരെയന്നാട്ട മറന്നേ-പോയി
നീരുണ്ട കാർകൊണ്ടലെല്ലാം.

മുററവും കുളവും കിണറു—മങ്ങു
വററി വരണ്ടു കഴിഞ്ഞു

കാലികൾ ചത്തു മറിഞ്ഞു ; വേര-
ററാലുകൾ കൂടിയും വീണു.

തീയുടെ തോഴർതാൻ കാററെ—ന്നതു
മായമററാരുമറിഞ്ഞു.

തിങ്കളും രാവിൽജ്ജനങ്ങൾ—ക്കൊരു
ചെങ്കതിരോനെന്നു തോന്നി.

ഒന്നു നുകരുവാൻ പററീ-ലൊരു
കണ്ണുനീർത്തുള്ളിയുമാക്കും.

ക്ഷേത്രത്തിൽച്ചെന്നവരോരോ—വിധം
പ്രാൎത്ഥനയെന്നും നടത്തി.

കണ്ണുതുറന്നീല ദൈവ—മവ-
ക്കെണ്ണം വിഫലമായ് ത്തീൎന്നു.



Digitized By Kerala Sahitya Akademi

അങ്ങനെ പോയ് കാല, മാശ —ച്ചെടി-
    യെങ്ങുമെല്ലാക്കും കരിഞ്ഞു.
പേത്തുമൊരു നാളശേഷം— പേരും
    പ്രാൎത്ഥനയ്ക്കായ് വീണ്ടും പോയി.
തൻകുട കൈയിലെടുത്ത— ങ്ങൊരു
    പെൺകിടാവും നടകൊണ്ടു.
"ഓലക്കുട വേണ്ട കുഞ്ഞേ,— നമ്മൾ
    വെയ്‌ലിന്നു മുമ്പിങ്ങു പോരും.
ചുട്ടുപഴുത്ത മണലിൽ— നിൻെറ
    പട്ടുകഴൽ പതിയേണ്ട."
അച്ഛനമ്മയുമോതും— മൊഴി
    കൊച്ചമ്മു കൈക്കൊണ്ടില്ലേതും.
അൻപിൽക്കുടയുമായ് ത്തന്നേ — പൈത-
    ലമ്പലത്തിങ്കൽച്ചെന്നെത്തി.
പ്രാൎത്ഥന പെട്ടെന്നു പററീ; — മുകിൽ
    മേത്തരമാം മഴ പെയ്തു.
വാണിയൊന്നപ്പൊഴുതാരും— കേൾക്കെ
    വാനത്തു നിന്നുളവായി.
"പ്രാൎത്ഥനയാൾക്കും ഫലിക്കാൻ— വേണം
    പ്രാൎത്ഥനയിങ്കൽ വിശ്വാസം.
ഛത്രമെടുക്കാഞ്ഞതെന്തേ— നിങ്ങൾ
    നിത്യവും മാരിക്കിരപ്പോർ ?



Digitized By Kerala Sahitya Akademi

മാരിവരുമെന്നൊരാളും—തന്നെ
  തീരെ നിനച്ചിരുന്നില !
വല്ലതും പേരിന്നു കാട്ടി—ക്കുട്ടി-
  സ്സൊല്ലയൊഴിക്കുവാൻ വന്നു.
തർക്കമില്ലീമഴയിപ്പോൾ—പ്പെയ്ത-
  തിക്കൊച്ചുകുഞ്ഞിനു വേണ്ടി."
ആമൊഴികേട്ട ജനങ്ങളപ്പൊ-
  ന്നോമനയെപ്പേർത്തും വാഴ്ത്തി.
എങ്ങും നനഞ്ഞു കൊണ്ടോടി—വേഗം
  തങ്ങൾതൻ വീടുകൾ തേടി.
നമ്മുടെ കുഞ്ഞിയാളോ-തെല്ലു-
  മമ്മഴ കൊണ്ടുഴലാതെ,
തേജസ്വിനിയായ് നടന്നാ—ളൊരു
  രാജകുമാരി കണക്കേ.
ആയവൾതൻ നന്മുടിക്കു—മീതെ-
  യായതദണ്ഡമാം ഛത്രം,
കേൾവി പരക്കുക മൂലം—പുത്തൻ
  തൂവെൺനിറത്തോടുകൂടി,
മുററുമഴകിൽവിളങ്ങി—യൊരു
  കൊററക്കുടയെന്നപോലെ.



Digitized By Kerala Sahitya Akademi

# ശുഭപ്രതീക്ഷ

കരുപ്പൊരല്പം വാനത്തു
   കാണുന്നുണ്ടെന്നു വെച്ചു നാം
കണ്ണീർ പൊഴിക്കുവാൻ മാത്രം
   കാലമത്രയ്ക്കു മാറിയോ ? (1)

കരിതേച്ചലറിക്കോട്ടെ
   കാറോരോന്നും കഠോരമായ് ;
കതിരോനെ മറച്ചോട്ടെ ;
   കാട്ടാനെന്തുണ്ടതിന്നുമേൽ ? (2)

നഷ്ടമെന്തതിനാൽ വന്നു
   നമ്മൾ, ക്കമ്മുദിരത്തിനോ,
കണ്ണിമയ്ക്കുന്നതിൻമുൻപു
   കഥാശേഷം കളേബരം. (3)

അറിയുന്നീലണുപ്രായ-
   മല്പായുസ്സാഗ്ഘനാഘനം
ആകാശത്തിൻെറ വിസ്താര-
   മാദിത്യൻെറ ചിരസ്ഥിതി. (4)

കത്തിക്കൈക്കെട്ടുപോം കാറിൻ
   കൈമിന്നൽച്ചൂട്ടനങ്ങുകിൽ
പാരിന്നിരുളകററുന്ന
   പകലോനാവതെങ്ങനെ ? (5)



Digitized By Kerala Sahitya Akademi

അടുത്ത നിമിഷത്തിങ്ക-
   ലച്ഛമാം വീണ്ടുമംബരം ;
പ്രകാശിക്കും യഥാപൂർവ്വം
   ഭഗവാൻ ലോകബാന്ധവൻ. (6)

അകമേ തോന്നിടുന്നുണ്ടാ-
   മന്തരാപം ഘനനത്തിനും ;
അതാണതു പൊഴിക്കുന്ന-
   തശ്രുധാരയനന്തരം. (7)

കൈവാളുലയ്ക്കും ; ഗർജ്ജിക്കും
   കടുംകോപത്തിലേവനും ;
കാലമല്പം കഴിഞ്ഞീടിൽ-
   ക്കരയും കരുണാർദ്രനായ്. (8)

അല്ലെങ്കിൽത്തന്നെ നീരാട്ടി-
   ന്നലർമാതെഴുന്നള്ളവേ
മുന്നകമ്പടി വന്നോരു
   മുകിലത്രയ്ക്കു മോശമോ ? (9)

കഷ്ടകന്നു നിറയ്ക്കാൻ
   കണ്ണിലാനന്ദവാരിയെ ;
പച്ചപ്പട്ടാട ചാർത്തിക്കാൻ
   പയോധിമണികാഞ്ചിയെ ; (10)



Digitized By Kerala Sahitya Akademi

അണ്ണവത്തോടു ചേൎത്തീടാ-
　നാപഗാദേവിമാർകളെ ;
സസ്യസമ്പന്നമാക്കീടാൻ
　സവമൎത്ത്യഗൃഹത്തെയും ;— (11)

വാനിലെത്തുന്ന കാർകൊണ്ടൽ
　വജ്ജ്യമെന്നാക്കുരച്ചിടാം ?
അതിന്നു നഞ്ഞു മെയ്യെങ്കി-
　ലമൃതം മാനസം ദൃഢം. (12)

ഒരു ദുർദ്ദിനമുണ്ടെങ്കി-
ലൊരുന്നുറുണ്ടു നൽദിനം ;
ഒരുവൻ രുഗ്ണനാണെങ്കി-
　ലൊരുപാടുണ്ടരോഗികൾ. (13)

കരിമ്പിനെക്കാൾക്കമ്പിന്നു
　കാണ്മീലായാമമെങ്ങുമേ ;
വഴിക്കു ചൊവ്വിലധികം
　വളവില്ലൊരിടത്തിലും. (14)

സൈകതാടവിയെക്കാളും
　ശാദ്വലസ്ഥലമേറിടും ;
സദ്വൃത്തരെയപേക്ഷിച്ചു
　തസ്കരന്മാർ കുറഞ്ഞിടും. (15)



Digitized By Kerala Sahitya Akademi

അത്തരത്തിൽ വിളങ്ങുന്നോ-
 രസ്സുജ്ജനനി ഭൂമിയെ
ആവാസയോഗ്യയല്ലെന്നാ-
 ക്ഷേപഹാസം തുടന്നിടാം ? (16)

പതിക്കൊലാ നാമെന്നോർത്തു
 പാതാളത്തെയടച്ചവൻ,
നഭസ്സു, നാഥൻ, കാട്ടുന്നു
 നാമങ്ങോളമുയന്നിടാൻ. (17)

പരം സ്മൃതിക്കു സമ്രാട്ടായ്-
 പ്രത്യാശയ്ക്കുവകാശിയായ്
ആനന്ദിക്കേണ്ട മർത്ത്യന്നെ-
 ന്താധിവ്യാധിക്കു കാരണം ? (18)

ആമോദസ്ഥാനമെന്തെന്ത-
 ല്ലാത്മവാനേത്തു നാളിലും ?
ദുഃഖത്തെയവനീക്ഷിപ്പൂ
 സുഖത്തിൻ രൂപഭേദമായ്. (19)

മനസ്സി തെളിവായ്ക്കാണ്മൂ
 മഴവില്ലശ്രുബിന്ദുവിൽ ;
ഉരകല്ലായ് നിനയ്പൂ ത-
 ന്നുക്കിന്നാടൽക്കരുപ്പിനെ. (20)



Digitized By Kerala Sahitya Akademi

## ചേരനും കീരനും.

ഒരുകാലമുലകിന്നു പുകൾവെൺപട്ടണിയിച്ച
വിരുതെഴും ചേരരുടെ വിജയഭേരി.

പലവട്ടമിടിയോട്ട പടവെട്ടിപ്പുരം വെററി-
പ്പരിവട്ടം പററിയോരപ്പട്ടുപടഹം

ഒരു മുകിൽ തന്നെ ; പക്ഷേയതു മഴപൊഴിക്കുന്ന-
തരികൾതൻ കണ്ണിൽനിന്നാണതത്രേ ഭേദം.

അതിനെക്കാൾത്തന്നലച്ച്യവരമെന്നുരസ്സത്തു-
ണ്ടതുചുമന്നടർക്കളമണയും കൊമ്പൻ.

ഭടരതിൻ ധ്വനികേട്ടാലുടനടിയവിടേയ്ക്കു
കൊട്ടുകൊലക്കലികൊണ്ടു കുതിച്ചു പായും.

ഉടയതമ്പുരാട്ടിമാരിരുവർ താൻ ചേര,ക്കൊന്നു
കൊടുങ്ങല്ലൂർ ഭദ്രകാളി ; മറെറാന്നബ്ഭേരി.

അതിന്നൊരു ഹേമചൈത്ര്യമരമനയ്ക്കരികത്തു-
ണ്ടതിമാത്രം ഭയദമതരികൾക്കാക്കും.

നെടുനാളായ്ത്തിങ്കൾതോറും കരുതിയദ്ദേവതയ്ക്കു-
ണ്ടൊട്ടുവിലേ വെള്ളിയാഴ്ച, യുജ്ജ്വലഘോഷം.

വഴിപോലെ പുഴയിലേക്കെഴുന്നള്ളിച്ചാറാടിച്ചു,
ചുഴലവേ മയിൽപ്പീലി കുത്തി നിരത്തി,

ഇളകൊന്നമലർമാലയണിയിച്ചു, വിഹാരത്തി-
ലിളകൊള്ളി,ച്ചഥർവ്വണസൂക്തങ്ങളോതി,



Digitized By Kerala Sahitya Akademi

അളവററ നിണംചൊരിഞ്ഞഭിഷേകമാചരിച്ച്,
പലമട്ടിൽപ്പുലലത്താൽ നിവേദ്യമേകി,
അരുളുമദ്ദുന്ദുഭിയാദ ശമം വീണ്ടുമരചന്മാർ ;
പരമമാം കുലധനമവൎക്കൊദൈവം. (24)

## II

മഹമത്തു വന്നു വീണ്ടുമൊരുദിനം, മത്തുകാണ്മാ-
നഹമഹമികയൈക്കൊണ്ടണഞ്ഞു ലോകർ.
'പെരുഞ്ചേരലിരുമ്പൊറ'യരചനും സചിവരു-
മിരുകയ്യുംകൂപ്പി മുന്നിൽത്തൊഴുതുനില്ക്കേ
എഴുന്നള്ളിക്കുന്ന വെളിക്കച്ചുകരാപ്പടഹത്തെ-
പ്പുഴനീററിൽക്കൊണ്ടുചെന്നു മുഴക്കിക്കുവാൻ.
പുതുമിന്നൽപ്പിണരൊളിപുണരുംപൊൻതലക്കെട്ടു
പൊതിഞ്ഞൊരു ഗജവരമസ്തകത്തിങ്കൽ
അതുതാങ്ങിയെടുത്തേററിയവർ പിടിക്കുന്നു; കണ്ടു
കൃതകൃത്യമാവാനാവാം ഗീൎവ്വാണനേത്രം.
പടിഞ്ഞാറേക്കടലിൽത്തന്നവഗാഹത്തിന്നു പോകും
പകലവനതുനോക്കി പ്രസന്നനായി
തനിത്തങ്കക്കതിർനിര ചൊരിഞ്ഞനുഗ്രഹിക്കുന്നു
ജനങ്ങൾതൻ നാഥനേയും ജനതയേയും.
ചൊടിപെടും ഭടരുടെയകമ്പടിയൊടുകൂടി
നടന്നുചെന്നടർപ്പെരുമ്പറ നീരാട്ടി,



Digitized By Kerala Sahitya Akademi

വിരവിൽത്തൻ പ്രജകളൊത്തരികത്തപ്പുഴയ്ക്കുള്ളിൽ
    നരവരൻ മുഴുകീടും നിനദം കേട്ടാൽ,
അടവാന്റ നാഗലോകമടക്കവാനവിട്ടന്ന
    പടപുറപ്പെട്ടുന്നതായ് ഭ്രമിച്ചുനോക്കി,
“അടിയങ്ങൾ മലനാട്ടിലടിമ പൂകിയോർ പണ്ടേ ;
    കുടികൊൾവോർ കാവുതോറും കുശലമേകാൻ ;
വിരമിച്ചീടണമങ്ങീ വിജയയാത്രയിൽനി”ന്നെ-
    ന്നുരഗങ്ങളുരയ്പ്പുതുകണക്ക തോന്നും.
അവ നൽകുമടിയറനറുമുത്തിൻ നിരയാവാ-
    മവിടെവന്നയരും നീക്കമില്ല നീളേ.
തിരുനീരാട്ടിന്ന വേണ്ടും ചടങ്ങെല്ലാം കഴിയവേ,
    തിരനീക്കിക്കളിക്കിരവണഞ്ഞിരിക്കേ,
പുരുഷാരം തിരിക്കുന്ന പുരംനോക്കിപ്പുതുതായ-
    പ്പുഴയിൽ നിന്നൊഴുകും കൈവഴികണക്കേ.
എവിടെയും മനഃപ്രീതി, യെവിടെയും മഹോത്സാഹ,-
    മവിടമന്നാക്കുമൊരു വിലാസോദ്യാനം. (56)

## III

ഒരു മഹാൻ വാണിരുന്ന കവിവരനക്കാലത്താ-
    പ്പുരുഷനെ ‘ക്കീര’നെന്ന വിളിപ്പു ലോകർ.
അതു ശരി ; കീരഗാനസദൃശങ്ങൾ തദ്കൃതികൾ—
    മധുരങ്ങൾ, മസൃണങ്ങൾ, മനോഹരങ്ങൾ.



Digitized By Kerala Sahitya Akademi

ദ്രവിഡനാട്ടിലിദ്ദേഹം ചരിക്കാത്ത ദേശമില്ല ;
കവിതകൊണ്ടിളക്കാത്ത ഹൃദയമില്ല ;
ഉപഹാരം മടിനിറച്ചുതകാത്ത നൃപരില്ല ;
വിഭവത്തിൽത്തനിക്കേതും കൊതിയുമില്ല.
എവിടെനിന്നെന്തുതന്നെ ലഭിച്ചാലുമതൊക്കെയു-
മവിടെവെച്ചുവിളംബമകിഞ്ചനർക്കായ്
കൊടുത്തു കൈകഴുകിയഗ്ഗുരുദേവൻ കൃതാർത്ഥനായ്
നടകൊള്ളും വീണ്ടുമോരോ നഗരം നോക്കി.
ചിറകുകൾ വീശി വാനിൽപ്പറക്കുന്ന പൈങ്കിളികൾ
ചെറുപൊതിച്ചോറും നൂനം ശിലാസമാനം.
കലയെച്ചെന്നോമനിച്ചു തലയിലേററീടുന്നോനാ
കമലതൻ കടക്കണ്ണാൽക്കാഴ്ച്ചമെന്തുള്ളൂ ?
അറികയില്ലപ്പുമാനെ നടകൊണ്ടുമുടകൊണ്ടു-
മൊരുമഹാകവീന്ദ്രനെന്നുലകിലാരും ;
രസനയാം കുഴലൂതിത്തുടങ്ങിയാൽ മട്ടു മാറും ;
രസികക്കൈക്കൊണ്ടൽവർണ്ണനാമ്പാടിക്കണ്ണൻ. (76)

## IV

'ഇരുമ്പൊറ'യുടെ ദാനമിരുകുറി വാങ്ങിയോനാ-
ണരിയൊരസ്സൂരിവര്യനതിന്നു മുൻപിൽ.
സഫലമതന്നെങ്ങിലുമാസ്സൽകവികൾ നവംതന്നെ ;
പ്രപലേടത്തും സഞ്ചരിക്കും പഥികനല്ലേ ?



Digitized By Kerala Sahitya Akademi

അവിടെയന്നെങ്ങുനിന്നോ നടന്നുവന്നെത്തിക്കൂടി-
യശനം ചെയ്തതിന്നുമേലരമനയിൽ,
നൃവരൻതൻ പ്രശസ്തിയൊന്നെഴുതുവാൻ മനസ്സിങ്കൽ
നവനവോല്ലേഖചിത്രം വരച്ചും മാച്ചും,
അടിക്കടി പല ചിന്തും മുരണ്ടുകൊണ്ടണയുന്നു
പടഹദേവതയുടെ ഭവനത്തിങ്കൽ.
അറിഞ്ഞുവോ കവിശിഖാമണിയെന്നപ്പുരുഷനെ,-
യതല്ലെങ്കിൽ ക്ലമം കൊണ്ടൊട്ടയത്തുപോമയാ,
നടയിലേശ്ശിപായിമാർ തടഞ്ഞിടാഞ്ഞാവിദേശി
കടന്നുള്ളിൽപ്പരിശ്രാന്തൻ, കവനഭ്രാന്തൻ,
നിയതിക്കു വശഗനാ, യലങ്കരിച്ചൊരുക്കിയ
ശയനത്തിൽക്കഴൽനീട്ടിക്കിടന്നുറങ്ങി. (9

V

അണഞ്ഞു തെല്ലിട കഴിഞ്ഞരചനാവിഹാരത്തി-
ലണിനിരക്കും ഭടന്മാരാലനുഗതനായ്.
നിരവധി ദീപയഷ്ടിയെരിയുന്നു, മഹം കാണ്മാൻ
സുരപഥം വിട്ടണഞ്ഞും ജ്യോതിസ്സുപോലെ.
ജയജയഘോഷംകൊണ്ടു മുഖരമാകുന്നു പുരം ;
ജഗതിതൻ പ്രിയനുള്ളം കുളിർത്തിടുന്നു ;
നടയിൽ വന്നെത്തിടുന്ന ഗജത്തിൽ നിന്നിറങ്ങുന്നു
പടഹത്തെ വഹിച്ചുകൊണ്ടുപാസകന്മാർ.



Digitized By Kerala Sahitya Akademi

പട്ടതയിലതിന്നു മുന്നകാപ്പടി നടക്കയാ-
    ണ്ടവാളും പിടിച്ചുകൊണ്ടുലകിൻ നാഥൻ.
പ്രമദംപൂണ്ടവർ ഗർഭഗൃഹത്തിലെ മഞ്ചത്തിങ്കൽ
    സമരദുന്ദുഭി വെയ്ക്കാൻ സമുദ്യമിക്കേ,
ഒരുവസ്തുവതിലെന്തോ കിടപ്പതായ്ക്കണ്ടുപേടി-
    ച്ചുരണ്ടടി രണ്ടുമൂന്നു പുറകിൽ മാറി.
അകത്തരഞൊടിയിൽപ്പാഞ്ഞെത്തു കണ്ടോരളവുള്ളം
    തകർന്നുപോയ് തമ്പുരാന്നു തരിപ്പണമായ്.
"അരിയെന്ന ശബ്ദമെന്തെന്നറിയാത്തോരെൻ പുരത്തി-
    ന്നണിയലായ് വിളങ്ങുമീയാലയത്തിങ്കൽ,
പടയിലെൻ കുലമെന്നും പരിപാലിച്ചരുളുന്ന
    പടഹദേവതയുടെ പദ്യുമത്തിങ്കൽ,
കരുതി ഞാൻ കൊട്ടുക്കേണ്ടോരിരവി, ലീ മഹംകാണ്മാൻ
    നിരവധി ജനം വന്നു നിറഞ്ഞു നില്ക്കേ—
ഹര ഹര! ശേഷമെന്തു പറയേണ്ടൂ ?—നശഞ്ഞൊരു
    നൃക്രമി, നഗ്നജീവി, നരകോൽഗാരം,
പരം വിയപ്പ്പൊലിപ്പിച്ചു പരിവട്ടമഴക്കാക്കി,-
    ക്കരിമെയ്യാൽ മുറിക്കെങ്ങും കാകോളം പൂശി,
ഭയമെന്യേ നീണ്ടുനിവിന്നുറങ്ങുന്നു ക്രൂരമിട്ടു!
    നിയതിതൻ വികൃതികളമതിരില്ലെന്നോ ?
    ക്ഷുഭമെന്തിതിൽനിന്നു വരുന്നുവോ ദേവി ? യിന്നീ-
    യശനിയെൻ ശിരസ്സിങ്കൽപ്പതിച്ചുവല്ലോ.





Digitized By Kerala Sahitya Akademi

ഹിമഗിരിശിഖരത്തിൽ ജയസ്തംഭം നാട്ടിപോലു-
മമലമാം ഖ്യാതി പൂണ്ടോരെൻ പിതൃഭൃത്തർ.
ഇവ,നൊരു ശത്രുകീടം കിടപ്പതു കണ്ടുപോലു-
മവരുടെ വീരഭേരീശയ്യതൻ മീതേ !
അയശസ്സെന്തിതിന്നുമേലചരക്കു വരാം ? ഹാ ! ഞാ-
നയൽനാട്ടുവാഴികൾക്കു ഹസനപാത്രം !
അടവിതു പയററിയതധമനാമിവനാവി-
ല്ലടിക്കൊരാളരി കാണുമവശ്യമാരോ !
അവൻെറ ചെന്നിണത്തിങ്കൽ മുഴുകിയാലെനിക്കെന്താ-
യവൻെറ പാഴ്പ്പിണച്ചാമ്പലണിഞ്ഞാലെന്തായ് ?
പരമെൻ വെൺപുകൾമെയ്യിൽപ്പരന്നോരിക്കരിങ്കുഷ്ഠം
മറയുവാൻ മാർഗ്ഗമുണ്ടോ മരിച്ചാൽപ്പോലും ?
അരചൻതൻ ഹൃദയത്തിലിതുമട്ടിൽപ്പല ചിന്ത
ചെറുമിന്നൽപ്പിണർനിരകണക്കു പാഞ്ഞു.
സമരദുന്ദുഭിയുടെ ശയനീയം പാർത്തുപാർത്ത-
ശ്ശമധനൻ തൻധകാരം സന്ത്യജിച്ചോനായ്.
"കൊലചെയ്യാനൊരു വൈരിയൊരുമ്പെട്ടാൽപ്പൊറുക്കും
കുലത്തിന്നിക്കറ ചേർത്താൽപ്പൊറുക്കയില്ല. [ഞാൻ ;
ഉറക്കം ഞാനിവനിപ്പോളുണരലററതായ്ത്തീർക്കും ;
മറക്കരുതിതിൻ ശിക്ഷ മനുഷ്യരാരും.
നരബലി വേണമെന്നു കരുതിയീ ലീലയെൻെറ
പരദൈവം കാട്ടിയെന്നേ പറവാനുള്ളൂ."



Digitized By Kerala Sahitya Akademi

ഇവണ്ണമോത്തധരത്തെ രദനത്താലിറുക്കിയു-
മവയവമാകമാനം വിറകൊള്ളിച്ചും,
കനൽപ്പൊരി കണ്ണിൽനിന്നു തെരുതെരെത്തെറിപ്പിച്ചും,
ജനനാഥൻ, ക്രോധാവിഷ്ടൻ, ഭ്രൂകുടീഭീമൻ,
കമിഴ്ന്നുറങ്ങിടുന്നോരു കവിയുടെ ഗളംനോക്കി
വിമതരെ വെട്ടിയരിഞ്ഞൊടുക്കും ഖഡ്ഗം
മടിവെടിഞ്ഞുലച്ചൂക്കോടുയർത്തിനാൻ— ഒരു ചെറു-
മശകത്തെക്കശക്കുവാൻ മഹേന്ദ്രവജ്രം !

VI

തിരിഞ്ഞൊന്നു കിടക്കയായ് തപസ്വി തൽക്ഷണ,മപ്പോ-
ത്തിരിഞ്ഞു തന്നേടും ചിത്രഗുപ്തകരത്തിൽ. [ഠം
ഒരുനോക്കു മുഖംകാൺകെയുടനെയപ്പുമാനാരെ-
ന്നറികയായ് മന്നോർമന്നനനശയാത്തൻ.
വിയർത്തുപോയ് തിരുമേനി,യവിടേയ്ക്കു മുകളിലേ-
ക്കുയർന്നവാൾ തൃക്കൈവിട്ടു തെറിച്ചുപോയി.
ചിലഞൊടിയിട തീരെ സ്തബ്ധനെന്ന മട്ടിൽ നിന്നാ-
നലകിൻെറ പൂവ്വു പുണ്യമുടലെടുത്തോൻ.
"എവിടെ വെൺചാമരമിങ്ങെടുക്കുവിൻ" എന്നുചൊ
വിവിധമാം വികാരത്തിൻ വിമർദ്ദനത്തിൽ. [ന്നാൻ
മൊരുഭൃത്യനൊപ്പമതു തൻെറ കയ്യിൽ വാങ്ങി
വിലസ്സാധുവിനെ വീശിനാൻ വീരൻ.



Digitized By Kerala Sahitya Akademi

"ഇതെന്തൊരു മഹാശ്ചര്യമിരുമ്പൊറച്ചേരമന്ന-
നിതരനെച്ചാമരത്താൽ വീശുകയെന്നോ ?

മതിഭ്രമം വന്നുവെന്നോ മന്നജേശ,ന്നതല്ലെങ്കി
ലിതു കുലദേവതയോ മർത്ത്യരൂപത്തിൽ ?

ഇരിക്കട്ടെ നോക്കാ" മെന്നു പരിചരർ നിരൂപിക്കെ-
ക്കുറെക്കഴിഞ്ഞെഴുന്നേററു കുശലി സൂരി.

പവിത്രമക്കൈത്തൃ,മതിൽത്താൻ കിടന്ന ചപ്രമഞ്ച,-
മവിടത്തെശ്ശയനീയാദ്യലങ്കാരങ്ങൾ,

രജനിയിൽക്കത്തിനില്ക്കും വിളക്കുക, ളരികത്തായ്
വ്യജനത്താൽത്തന്നെ വീശും വിശ്വംഭരേശൻ,

ജയഭേരി, യച്ഛകന്മാർ, മുതലോരോന്നങ്ങു കണ്ടു
ഭയശങ്കാപരവശൻ പകച്ചുപോയി.

അതുവരെക്കണ്ടിടാത്ത കിനാവതെന്നോർത്തുകൊണ്ട-
സ്സുധി വീണ്ടും സുഷുപ്തിക്കു തുനിയുംനേരം,

"എഴുന്നേല്ക്കു സഖേ, കീര, വരൂ, പോകാ"മെന്നുരച്ചു
തഴുകിനാൻ തദംഗത്തെദ്ധരാധിനാഥൻ.

ആരങ്ങിതൊന്നല്പം കാണ്മിൻ സഹജരേ, കണ്ടു പിന്നെ-
പ്പറയുവിൻ, സത്യമല്ലേ കുചേലവൃത്തം ?

ഇരുവരുമുദന്തങ്ങൾ പരസ്പരം ഗ്രഹിപ്പിക്കെ-
പ്പുരമൊരു വചസ്സോതി ഭാരതീദാസൻ.



Digitized By Kerala Sahitya Akademi

## VII

“സുവിമലചേരവംശസുകൃതസഞ്ചയസത്തേ,
കവികുലശിഖാവളകാളാംബുഭൃത്തേ,

അലകടൽമണികാഞ്ചിക്കന്നേകനായ് വിളങ്ങുന്ന
വലരിപുതുല്യകീർത്തേ, വദാന്യമൂർത്തേ,

അവിടുത്തേപ്പവിത്രമാം ദുന്ദുഭിതൻ ശയനത്തി-
ലവിവേകി ഞാനൊരല്പൻ ശുനകപ്രായൻ

ഉറങ്ങിയ പാതകത്തിന്നുടവാൾകൊണ്ടെന്നെവെട്ടി
നുറുക്കിയേ മതിയാവൂ നൂറെറട്ടുജന്മം;

തടവറെറൻ തമ്പുരാനെന്തനുഷ്ഠിച്ചു പക്ഷേ ? ചെങ്കോൽ
പിടിക്കുന്ന തൃക്കരത്തിൽച്ചാമരമേന്തി

ഉണർന്നിടുന്നോളമെന്നെയുടമയിൽ വീശിയില്ലേ ?
കനിവിമ്മട്ടാർക്കു കാണും കഥയിൽപ്പോലും?

ഉടലെത്ര വിയർത്തില്ല? കരമെത്ര കഴച്ചില്ല ?
ജഡൻ ഞാനാരവിടുന്നെൻ ദാസനായ്ത്തീരാൻ ?

നെടുനാൾ മേൽ രണ്ടുകൃത്യം നിവർത്തിക്കും മഹിയി,ലെൻ
മടയത്തമൊന്നു, മറെറാന്നങ്ങേ മഹത്ത്വം.”

ഇത്തമട്ടിൽക്കരഞ്ഞോതിക്കഴൽപ്പാട്ടിൽപ്പതിക്കുന്ന
സുധിയെത്തൻ കയ്യാൽത്താങ്ങിപ്പിടിച്ചുയർത്തി

[illegible]ത്തിലണച്ചുകൊണ്ടരുൾചെയ്താൻ സരഭസ-
കീരൻ, വിശ്വബന്ധു, കാരുണ്യസിന്ധു. (204)



Digitized By Kerala Sahitya Akademi

## VIII

"ഭഗവതിയെന്നെരക്ഷിച്ചരുളിനാൾ ; ഭാഗ്യവാൻ താൻ
 ജഗതിയിൽ ഞാനെൻ കീര, ചെററുണ്ടോ തക്കം ?
പിളന്നിരുന്നേനേ രണ്ടായ് നിമിഷത്തിൽ വെട്ടിയങ്ങേ-
 ഗ്ഗളമെൻവാൾ -- അല്ലെൻ വംശയശസ്സിൻ കണ്ഠം.
വധിച്ചിരുന്നേനേ ഹാ ! ഞാനങ്ങയെ— യല്ലങ്ങേനാവിൽ
 വസിച്ചാടിപ്പാടി വാഴും വാഗ്ദേവതയെ.
ഉടച്ചിരുന്നേനേ പാപിയൂഴിയുടെ സുധാകുംഭം ;
 കൊട്ടത്തിരുന്നേനേ തീയെൻ ഭ്രതിസൌധത്തിൽ.
ഇളകൊണ്ടതിന്നെൻ തോഴ, വെറുമൊരു മർത്ത്യനല്ലി-
 ത്തളിമത്തിൽ—വേറിട്ടൊരു വീരപടഹം.
പടപ്പെരുമ്പറകൊണ്ടു ഫലമെന്താം ? ഗ്രസിച്ചീടും
 ഞൊടിക്കുള്ളിലന്തരിക്ഷമതിൻ നിഘോഷം ;
അഴകെഴും കവിതയോ കടൽത്തിരമാലപോലെ
 മുഴങ്ങിടും കല്പകാലകന്ദരപുടത്തിൽ.
പ്രഥ പാരം പെറുമങ്ങേ പ്രതിഭയാം പൈങ്കിളിക്കു
 വിധിയുടെ സൃഷ്ടിയേതും വിവൃതദ്വാരം ;
ശുഭദയശ്ശുകിയെങ്ങും ചുററിനോക്കിത്തിരിച്ചെത്തി
 പ്രപഞ്ചത്തിൻ തത്വം പാടിപ്പഠിപ്പിക്കുന്നു.
അഴലിൻെറ നിഴലാട്ടമറിയാത്തോരുലകങ്ങ
 പഴുതററു ചമയ്ക്കുന്നു പരസ്സഹസ്രം.



Digitized By Kerala Sahitya Akademi

ചതുർമ്മുഖപാണിയുടെ തലകനിറ്റ്പിച്ചിടുന്നു;
    പൃഥിവിയെദ്ദേവലോകസമമാക്കുന്നു

വിരിഞ്ചനെക്കുമ്പിടാത്ത വിജ്ഞരാകും നരരങ്ങേ
    വിരഞ്ഞടിപണിവതിൽ വിസ്മയമുണ്ടോ ?

അവനീശർക്കെന്തുമെച്ചം, മസൃണർമെയ്‌വിടുന്നേര-
    മവരും ചെന്നടിയണമാറടിമണ്ണിൽ.

വിറയ്ക്കില്ല വാളുലച്ചാൽ യമഭടർ ; കോശം കണ്ടാൽ-
    ക്കരളിലില്ലവർക്കാശ കൈക്കുലിവാങ്ങാൻ.

അരചനെന്തടിമയെ,ന്തവരുടെ കമ്പോളത്തി-
    ലിരുപിണത്തിനും വിലയ്ക്കില്ലൊരു ഭേദം.

കവികൾതന്നകക്കാമ്പു കനിയാഞ്ഞാൽ നിരാശ്രയ-
    മവനീശർതൻ യശസ്സു 'ചാപിള്ള'മാത്രം.

കവികൾതൻ നാരായത്തിൻ മുനപറിച്ചിടിച്ചുകൊ-
    ണ്ടവർക്കുള്ളോരപദാനമാശംസിക്കുന്നു.

സപദി വീശിയ,തിന്നു ചമരപുച്ഛമ,ല്ലങ്ങേ-
    ക്കുപചനടാൻ കൊതിക്കുമെൻ കീർത്തികുമാരി.

മുടവുതീർത്തവർക്കേകു വിമാനമൊ,ന്നതിലേറി
    ത്തടവ,ററപ്പൈതലെങ്ങും ചരിച്ചുകൊൾവാൻ.

നൽകയെങ്കിൽപ്പോരുമനുഗ്രഹ,മല്ലെന്നാകിൽ-
രണ്ടും വെട്ടിവീഴ്ത്തു പരിവാദത്താൽ.”



Digitized By Kerala Sahitya Akademi

ഇവണ്ണമാ നൃപനോതി വയസ്യന്റെ കരംപിടി-
ച്ചവിടംവിട്ടരമനയ്ക്കകത്തു പോയാൻ,
അമിതമാമാനന്ദാശ്രു പൊഴിച്ചുകൊണ്ടത്ഭുതാശ്ചര്യ-
സ്തിമിതരായ്ച്ചുററുപാടും ജനങ്ങൾ നില്ക്കേ.
*            *            *            *            *
*            *            *                          *

നമസ്കാരമാദികാവ്യവിധാതാവേ, മഹാത്മാവേ,
നമസ്കാരം ഭാരതത്തിൻ ജന്മദാതാവേ ;
ഭവദീയഗോത്രമെന്നും പരിലസിക്കട്ടെ, ഞങ്ങൾ-
ക്കവികലം ശുഭത്തിന്നുമാനന്ദത്തിന്നും. (252)

ശുഭം ഭൂയാത്.



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi